കേരള സർക്കാർ

www.lfa.kerala.gov.in

# മൂപ്പൈനാട് ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

വയനാട് ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail:dwyd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.(ഡബ്ല്യു.വൈ.ഡി).പി.1/753/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൽപ്പറ്റ,വയനാട്
ഫോൺ: 04936 203672
ഇ-മെയിൽ: dpwyd.ksad@kerala.gov.in
തീയതി: 16.11.2016.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന )

മൂപ്പൈനാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മൂപ്പൈനാട് ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മൂപ്പൈനാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-3,2-4 ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ 3-3,3-7,3-9 3-14,3-15 ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1), (2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ്:</u>

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം .കെ.എസ്.എ.(ഡബ്ല്യു.വൈ.ഡി).പി.1/753/2016 തിയ്യതി: 16.11.2016.

<u>വയനാട് ജില്ലയിലെ മൂപ്പൈനാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ മൂപ്പൈനാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 31.03.2016 തിയ്യതി വരെയുമുള്ള വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം

നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ | ശ്രീ.ചക്രേശ്വര. ആർ, ഡെപ്യൂട്ടി ഡയറക്ടർ |

| | |
|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 31.10.2016 മുതൽ 08.11.2016 വരെ |

| | |
|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ നവാസ് കെ എം അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.കെ.കെ.ബിന്ദു അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ജയൻ.പി.,ഓഡിറ്റർ |
| | ശ്രീമതി. ലത.ടി.കെ, ഓഡിറ്റർ |

(ബി) നിർവഹണ അധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി അജിത | 01.04.2015 മുതൽ 30.11.2015 വരെ |
| | ശ്രീമതി ഷഹർബാൻ സെയ്തലവി | 1.12.15 മുതൽ 31.3.16 വരെ |
| വൈസ് പ്രസിഡന്റ് | ശ്രീമതി ഷഹർബാൻ സെയ്തലവി | 01.04.15 മുതൽ 30.11.15 വരെ |
| | ശ്രീ.പി.ഹരിഹരൻ | 1.12.15 മുതൽ 31.3.16 വരെ |
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ (വികസന കാര്യം) | ശ്രീ പള്ളത്ത് കൃഷ്ണൻകുട്ടി | 01.04.2015മുതൽ 30.11.2015 വരെ |
| | ശ്രീമതി. യമുന. ആർ | 1.12.15 മുതൽ 31.3.16 വരെ |
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ (ക്ഷേമകാര്യം) | ശ്രീമതി. യമുന. ആർ | 01.04.2015 മുതൽ 30.11.2015 വരെ |
| | ശ്രീ.യഹ്യാഖാൻ തലക്കൽ | 1.12.15 മുതൽ 31.3.16 വരെ |
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ (ആരോഗ്യം വിദ്യാഭ്യാസം ) | ശ്രീ. യഹ്യാഖാൻ തലക്കൽ | 01.04.2015 മുതൽ 30.11.2015 വരെ |

| | | |
|---|---|---|
| | | |
| | ശ്രീമതി. യശോദ | 1.12.15 മുതൽ 31.3.16 വരെ |
| സെക്രട്ടറി | ശ്രീ. മധുസൂദനൻ. സി.കെ | 01.04.2015 മുതൽ 31.03.2016 വരെ |

(സി) നിർവഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| അസി.സെക്രട്ടറി | ശ്രീ.രാമചന്ദ്രൻ.കെ | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (പി എച്ച് സി) | ഡോ .ഷാഹിദ് ടി.പി | 01.04.2015 മുതൽ 31.03.2016 വരെ |
| ഐ സി ഡി എസ് സൂപ്പർവൈസർ | ശ്രീമതി ബാവ എം.സി | 01.04.2015 മുതൽ 04.02.2016 വരെ |
| | ശ്രീമതി ഭാഗ്യലക്ഷ്മി.വി.ബി | 5.2.16മുതൽ 31.03.2016 വരെ |
| വെറ്ററിനറി സർജൻ | ഡോ രാജി .കെ.സി | 01.04.2015മുതൽ 31.03.2016 വരെ |
| വി ഇ ഒ | ശ്രീ ടി.കെ സുരേഷ് ശ്രീമതി.സജിത. എ.എ. | 01.04.2015മുതൽ 31.03.2016 വരെ |
| കൃഷി ഓഫീസർ | ശ്രീ രാമുണ്ണി കെ | 01.04.2015മുതൽ 31.03.2016 വരെ |
| അസി .എഞ്ചിനീയർ | ശ്രീ ടി.കെ ജോസഫ് | 01.04.2015മുതൽ 31.03.2016 വരെ |
| ഹെഡ് മാസ്റ്റർ (ജി.യു.പി കണിയാമ്പറ്റ) | ശ്രീമതി ടെംസി എ. എഫ് | 01.04.2015മുതൽ 31.03.2016 വരെ |
| മെഡിക്കൽഓഫീസർ (ആയുർവേദം) | ഡോ.ടി.എൻ ഹരിശങ്കർ | 01.04.2015മുതൽ 31.03.2016 വരെ |

<u>ഉള്ളടക്കം</u>

| ക്രമ നം. | ഭാഗം 1 പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|---|

| | | |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി. | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | വാർഷിക കണക്കിലെ അപാകതകൾ | 2-1 |
| 12 | കെട്ടിട പെർമിറ്റ് നല്കുന്നതിലെ അപാകതകൾ | 2-2 |
| 13 | 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണനിയമത്തിന് വിരുദ്ധമായി കെട്ടിടപെർമ്മിറ്റ് നല്കി | 2-3 |
| 14 | തൊഴിൽ നികുതി ഈടാക്കിയതിലെ പാളിച്ചകൾ | 2-4 |
| 15 | സാധനങ്ങളുടെ ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് നല്കിയതിൽ പൊരുത്തക്കേട് | 3-1 |
| 16 | പരപ്പൻപാറ കോളനിയിൽ സോളാർ പാനൽ,വിപണനകേന്ദ്രം എന്നിവ സ്ഥാപിക്കുന്നതിന് തുക നൽകി-പദ്ധതി നടപ്പായില്ല | 3-2 |
| 17 | ജനപ്രതിനിധികൾക്ക് അനുവദനീയമല്ലാത്ത ട്രെയിൻ ക്ളാസുകളിലെ യാത്രക്ക് യാത്രാപ്പടി അനുവദിച്ചു. 32,460/- രൂപ അധികം ചെലവഴിച്ചു. | 3-3 |
| 17 | ഹോംകോയിൽ നിന്നും കേരള മെഡിക്കൽ സർവ്വീസ് കോപ്പറേഷൻ ലിമറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും അവശ്യ മരുന്നുകൾ ലഭിക്കാൻ കാലതാമസം - 3,69,822/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു | 3-4 |

| | | |
|---|---|---|
| 18 | സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ - ആരോഗ്യ ബോധവൽക്കരണ പ്രതിരോധ രോഗ നിർണ്ണയ പരിപാടി നടത്തി | 3-5 |
| 19 | ദർഘാസ് പത്രപരസ്യം - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല. | 3-6 |
| 20 | പരപ്പൻപാറ കോളനിയിൽ പച്ചക്കറികൃഷി - പദ്ധതി പൂർത്തീകരിച്ചില്ല | 3-7 |
| 21 | ഗുണഭോക്തൃസമിതി പ്രവൃത്തി മാനദണ്ഡങ്ങൾ പാലിച്ചില്ല | 3-8 |
| 22 | വി.ഇ.ഒ നടപ്പിലാക്കിയ വീട് പുനരുദ്ധാരണപദ്ധതി-അനർഹർക്ക് ആനുകൂല്യം നൽകി. | 3-9 |
| 23 | മഹാത്മാഗാന്ധി ദേശീയഗ്രാമീണതൊഴിലുറപ്പുപദ്ധതി അവലോകനം | 3-10 |
| 24 | കരാറുകാരൻ കരാർ ലംഘിക്കാൻ കാലതാമസം വരുത്തുന്നു-നടപടി സ്വീകരിച്ചില്ല | 3-11 |
| 25 | ഗുണഭോക്തൃസമിതി മുഖാന്തിരം നടപ്പിലാക്കിയ പ്രവൃത്തികൾക്കായി വാങ്ങുന്ന നിർമ്മാണ സാധനങ്ങൾക്ക് വിൽപ്പനനികുതി ഈടാക്കിയ ബില്ല് ഇല്ല | 3-12 |
| 26 | സ്കൂളുകൾക്ക് ലൈബ്രറി പുസ്തകങ്ങൾ വാങ്ങൽ - സ്കൂളുകൾക്ക് ലൈബ്രറി പുസ്തകങ്ങൾ ലഭിച്ചിട്ടില്ല. | 3-13 |
| 27 | സന്ദീപനം സമഗ്രവയോജനപദ്ധതി- സർക്കാർ ഉത്തരവിന് വിരുദ്ധമായി പദ്ധതി നടപ്പാക്കി | 3-14 |
| 28 | അങ്കണവാടി പോഷകാഹാരവിതരണത്തിൽ ക്രമക്കേട് | 3-15 |
| 29 | ഐ.സി.ഡി.എസ് സൂപ്പർവൈസർ ക്യാഷ് ബുക്ക് യഥാസമയം എഴുതുന്നില്ല, ബാങ്ക് അക്കൌണ്ടിൽ തുക സൂക്ഷിക്കുന്നു. | 3-16 |
| 30 | അഗതി - ആശ്രയ പദ്ധതി കാര്യക്ഷമമല്ല | 3-17 |
| 31 | പശ്ചിമഘട്ട പദ്ധതി ലഭ്യമായ 20,27,739/- രൂപ ചെലവഴിച്ചില്ല | 3-18 |
| 32 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 33 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 34 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 35 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 36 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |

| | | |
|---|---|---|
| 37 | ഓഡിറ്റ് റിക്കവറി | 4-6 |
| 38 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 39 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 40 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |



# ഭാഗം 1

## പൊതു അവലോകനം

## 1-1. ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 27.03.2015 തിയ്യതിയിലെ ഭരണസമിതി തീരുമാനപ്രകാരവും (തീരുമാനം നമ്പർ 598), പുതുക്കിയ ബജറ്റ് 03.03.2016 തിയ്യതിയിലെ ഭരണസമിതി തീരുമാനപ്രകാരവും (തീരുമാനം നമ്പർ 78/16)അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യ പത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 26.07.2016 | തിരിച്ചയച്ചിട്ടില്ല | -- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 27.8.2016 ന് ഓൺലൈനായും 07.11.2016 നേരിട്ടും അക്കൗണ്ട് പരിശോധന നടത്തി | ഓഡിറ്റ് സർട്ടിഫിക്കറ്റ് റിപ്പോർട്ടിനൊപ്പം പുറപ്പെടുവിക്കുന്നതാണ് |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 24936543/- |
| വരവ് | 66368710/- |
| ആകെ | 91305253/- |

| | |
|---|---|
| ചെലവ് | 66632152/- |
| നീക്കിയിരിപ്പ് | 24673101/- |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 2759612 | 6617366 | 9376978 | 16462029 | 7085051 | 0 |
| വികസനഫണ്ട് എസ്.സി.പി. | 416025 | 2083408 | 2499433 | 2499433 | 0 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 1137880 | 2054284 | 3192164 | 2424380 | 767784 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 294262 | 1746635 | 2040897 | 2040897 | 0 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 1129996 | 3255497 | 4385493 | 4385493 | 0 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2152820 | 7375189 | 7025742 | 7025742 | 2502267 | 0 |
| ലോകബാങ്ക് ധനസഹായം | 3906637 | 2483530 | 2575167 | 2575167 | 3815000 | 0 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 280 | 131050616 | 165 | 43807511 | 15 | 100 | 58.9% |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതുവരുമാനത്തിൽ താഴെ പറയും പ്രകാരം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 5889437 | 5521132 | 368305 | - 6% |
| നികുതിയേതര വരവുകൾ | 416973 | 332943 | 84030 | -20% |
| മറ്റുവരവുകൾ | 797063 | 728900 | 68163 | -8% |

| | | | | |
|---|---|---|---|---|
| ആകെ | 7103473 | 6582975 | 520498 | -7% |

## 1-8 സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി.

| ക്രമ നം. | പദ്ധതി | 2015-16 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനെ മടുത്തവ | നിരസിച്ചവ | കാലതാമസ മുണ്ടെങ്കിൽ പരിഹാര മാർഗ്ഗം. |
|---|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 7 | 7 | 5 | 2015-16 ൽ കാലതാമസം വന്നിട്ടില്ല |
| 2 | തൊഴിൽ രഹിത വേതനം | 2 | 2 | 2 | „ |
| 3 | വിധവാ പെൻഷൻ | 62 | 62 | 2 | „ |
| 4 | വികലാംഗ പെൻഷൻ | 8 | 8 | - | „ |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2 | 2 | - | „ |
| 6 | വാർദ്ധക്യകാല പെൻഷൻ | 267 | 267 | 9 | „ |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 3.11.16 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1744/- രൂപ (ആയിരത്തി എഴുന്നൂറ്റി നാൽപ്പത്തിനാല്) യുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

കൃത്യമായി ഓഫീസ് മീറ്റിങ്ങുകൾ ചേർന്നിട്ടുണ്ട്. ഓഫീസ് ഓർഡർ നൽകിയിട്ടുണ്ട്. ജീവനക്കാരുടെ പ്രവർത്തന അവലോകനം നടത്തുന്നുണ്ട്. ഫ്രണ്ട് ഓഫീസിൽ ക്ലറിക്കൽ ജീവനക്കാരെ റൊട്ടേഷൻ അടിസ്ഥാനത്തിൽ നിയോഗിച്ചിട്ടുണ്ട്. ബോർഡുകൾ കാലികമാക്കിയിട്ടുണ്ട്. തപാൽ വിതരണം കാര്യക്ഷമമാണ്. കൈപ്പറ്റിയവരുടെ ഒപ്പ് സഹിതം വിതരണ രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട്. ഓഫീസ് ഉത്തരവ് ബുക്കുകൾ സൂക്ഷിക്കുന്നുണ്ട്. വിടുതൽ ചെയ്യപ്പെടുന്നജീവനക്കാർ ചാർജ്ജ് ഹാൻഡ് ഓവർ രജിസ്റ്റർ പ്രകാരം ഫയലുകളും, രജിസ്റ്ററുകളും കൈമാറുന്നുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 6.6.2016 to 8.6.2016 | 02/2016-03/2016 | 17.6.2016 |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 3.4.2010 to 19.4.2010 | 2005-06 മുതൽ 2009-10 വരെ | LBA(HQ)II/8A-1563/47/ 19.5.2010 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കിലെ അപാകതകൾ

മൂപ്പൈനാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1.വസ്തുനികുതി സംബന്ധിച്ച തൻ വർഷ ഡിമാന്റ് – കുടിശ്ശിക വിവരങ്ങൾ ലഭ്യമല്ല.

2.ഗ്രാമപഞ്ചായത്തിന്റെ ആസ്തികൾ സംബന്ധിച്ച് ഭൌതിക പരിശോധന നടത്തി മൂല്യ നിർണ്ണയം നടത്തിയിട്ടില്ല.

3.ബാങ്ക് ബുക്ക് പ്രകാരം വടുവൻച്ചാൽ ജില്ലാ കോപ്പറേറ്റീവ് ബാങ്കിൽ ഫിക്സഡ് ഡെപ്പോസിറ്റായി 22,30,423/- രൂപ ഉണ്ടായിട്ടും വാർഷിക കണക്കിലെ ഇൻവെസ്റ്റ്മെന്റ് ഹെഡിൽ രേഖപ്പെടുത്തിയിട്ടില്ല.

4. ക്ഷേമപെൻഷനുകളുടെ വരവ് -ചെലവ് സംബന്ധിച്ച കൃത്യമായ സേവന (ഡി.ബി.റ്റി ) റിപ്പോർട്ട് ലഭ്യമല്ല.

5.സ്റ്റോക്ക് സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

6.അക്കൌണ്ടിന്മേൽ കുറിപ്പുകൾ തയ്യാറാക്കിട്ടില്ല.

7.ഇൻകം ആന്റ് എക്സപെൻഡിച്ചർ സ്റ്റേറ്റ്മെന്റിലെ I-4 ഷെഡ്യൂളും RP-15 ഷെഡ്യൂളും തുല്യമായിരിക്കേണ്ടതാണ്.എന്നാൽ ഇവ പൊരുത്തപ്പെടുന്നില്ല. (4841247/- രൂപ വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

8.ഇൻകം ആന്റ് എക്സപെൻഡിച്ചർ സ്റ്റേറ്റ്മെന്റിലെ I-14(a) ഷെഡ്യൂളും RP-16 ഷെഡ്യൂളും തുല്യമായിരിക്കേണ്ടതാണ്.എന്നാൽ ഇവ പൊരുത്തപ്പെടുന്നില്ല. വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

9.ട്രയൽ ബാലൻസിലെ വസ്തുനികുതി ഇനത്തിലെ മുന്നിരിപ്പും മുൻവർഷത്തെ നീക്കി ബാക്കിയും പൊരുത്തപ്പെടുന്നില്ല.

മേൽ ചൂണ്ടികാണിച്ച അപാകതകൾ പരിഹരിച്ച് ഓഡിറ്റിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 2-2 കെട്ടിട പെർമിറ്റ് നല്കുന്നതിലെ അപാകതകൾ -

1)ഡി.എം.വിംസ്, നേഴ്സിംഗ് കോളേജ്, ഉട്ടേരി ബഷീർ,ഡയറക്ടർ, മേപ്പാടി പ്ലാന്റേഷൻസ് ലി. എന്നവരുടെ ഉടമസ്ഥതയിലുള്ള വൈത്തിരി താലൂക്ക്, മൂപ്പൈനാട് വില്ലേജിലെ റീ.സർവ്വേ നം 64/2 ലെ 20.24 ഹെ.(50 എക്കർ) സ്ഥലം 19/02/2011 ലെ എം.ഒ.യു പ്രകാരം ഡി.എം എഡ്യുക്കേഷൻ ആൻറ് റിസർച്ച് ഫൗണ്ടേഷൻ ട്രസ്റ്റിന് മെഡിക്കൽകോളേജ് സ്ഥാപിക്കാൻ അനുമതി നല്കി. ഈ എം.ഒ.യു വിലെ ഒന്നാമത്തെ വ്യവസ്ഥ പ്രകാരം കെട്ടിടപെർമിറ്റിന് വേണ്ടി രണ്ടു പാർട്ടികളും കൂടി സംയുക്തമായാണ് അപേക്ഷ സമർപ്പിക്കേണ്ടത്. എന്നാൽ ഡി.എം വിംസ്, നേഴ്സിംഗ് കോളേജ് നിർമ്മിക്കാനുള്ള കെട്ടിടപെർമ്മിറ്റ് അപേക്ഷ പരിശോധിച്ചതിൽ അപേക്ഷ നല്കിയിട്ടുള്ളത് ഡി.എം എഡ്യുക്കേഷൻ ആൻറ് റിസർച്ച് ഫൗണ്ടേഷൻ ട്രസ്റ്റിന് വേണ്ടി പ്രോജക്ട് അഡ്മിനിസ്റ്റേറ്റർ ദേവാനന്ദ് കെ.ടി മാത്രമാണ്. എം.ഒ.യു വിലെ വ്യവസ്ഥക്ക് വിരുദ്ധമായ അപേക്ഷ പരിഗണിച്ചതിന് വിശദീകരണം നൽകേണ്ടതാണ്.

നേഴ്സിംഗ് കോളേജിന്റെ സൈറ്റ് പ്ലാനിൽ നിലവിലുള്ള കെടിടങ്ങളുടെ നമ്പർ, പ്ലോട്ടിന്റെ വിസ്തീർണ്ണം, പ്ലോട്ടിന്റെ ഓരോ അരികിലുമുള്ള പ്ലോട്ടിന്റെ വിവരം എന്നിവ കാണിച്ചിട്ടല്ല.

സർക്കുലർ നം. 12900/ആർ.എ1/15/തസ്വഭവ തിയ്യതി 02/12/15 സെക്ഷൻ 6 പ്രകാരം കെട്ടിടനിർമ്മാണ പെർമ്മിറ്റിനുള്ള അപേക്ഷയിൻമേൽ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ വിശദമായ റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്. ഈ റിപ്പോർട്ടിൽ പ്ലോട്ടിന്റെ സർവ്വേ നം, വിസ്തീർണ്ണം, വില്ലേജ്, കൈവശകാശം, ഉപയോഗക്രമം, എഫ്.എ.ആർ, കവറേജ്, നിലകളുടെ എണ്ണം, പാർക്കിംഗ്, പെർമ്മിറ്റ് സംബന്ധമായ കണക്കാക്കലുകൾ മുതലായവ സംബന്ധിച്ച വിശദമായ വിവരങ്ങൾ ഉണ്ടാകേണ്ടതാണ്. എന്നാൽ ഈ ഫയൽ പരിശോധിച്ചതിൽ 'നിർമ്മിക്കാനുദ്ദേശിക്കുന്ന കെട്ടിടത്തിന്റെ പ്ലാൻ കെ.ബി.പി.ആർ പ്രകാരമാണെന്നുള്ള' ഒറ്റവരി ശുപാർശ മാത്രമാണ് അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ടിൽ ഉള്ളത്. നിയമാനുസരണം സൂക്ഷ്മപരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

അപേക്ഷയോടൊപ്പം പാർക്കിംഗ് പ്ലാൻ സമർപ്പിച്ചിട്ടില്ല. 3600.48 m2 തറ വിസ്തീർണ്ണമുള്ള 7 നിലയുള്ള(25.5മീറ്റർ ഉയരം) കെട്ടിടത്തിന് കെ.പി.ബി.ആർ സെക്ഷൻ 56(5) പ്രകാരം ഫയർഫോഴ്സ് ഡയറക്ടറിൽ നിന്നോ അദ്ദേഹം ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനിൽ നിന്നോ ഒരംഗീകാരസർട്ടിഫിക്കറ്റ് വാങ്ങി ഹാജരാക്കേണ്ടതാണ്. എന്നാൽ ഈ സർട്ടിഫിക്കറ്റ് ഇല്ലാതെയാണ് കെട്ടിടനിർമ്മാണ അനുമതി നല്കിയത് (95/2015-16 തിയ്യതി 20/07/15)

കെട്ടിടഉടമ സമർപ്പിച്ച പൂർത്തീകരണ പ്ലാൻ പരിശോധിച്ചതിൽ കാണുന്നത് 'completion plan of the proposed nursing college." എന്നാണ്. മുമ്പ് കെട്ടിടപെർമ്മിറ്റിനുള്ള അപേക്ഷയോടൊപ്പം സമർപ്പിച്ച കെട്ടിട പ്ലാനിൽ പൂർത്തീകരണ പ്ലാൻ എന്ന വാക്ക് കൂട്ടിചേർത്ത് പൂർത്തീകരണ പ്ലാൻ സമർപ്പിക്കുകയാണ് കെട്ടിട ഉടമ ചെയ്തത്. എന്നാൽ അക്കാര്യം പഞ്ചായത്ത് അധികൃതർ ശ്രദ്ധിച്ചില്ല. പെർമ്മിറ്റ് നല്കിയതുപ്രകാരം നിർമ്മാണം പൂർത്തിയാക്കിയതായി കാണിച്ചുകൊണ്ടുള്ള കെട്ടിട ഉടമയുടെ അപേക്ഷ യിന്മേൽ (തിയ്യതി 06.05.16)കെട്ടിടത്തിന് നമ്പർ നല്കാമെന്ന് എ.ഇ ഒറ്റവരി ശുപാർശ നല്കി. എന്നാൽ ഫയർ ഫോഴ്സിന്റെ എൻ.ഒ.സി ഇല്ലാത്തതിനാൽ 3 നിലയ്ക്ക് മാത്രമേ നമ്പറിട്ടുനല്കിയിട്ടുള്ളൂ. ആയതിനാൽ ചട്ട വിരുദ്ധമായി കെട്ടിടനിർമ്മാണപെർമ്മിറ്റ് നല്കിയതിന് വിശദീകരണം നൽകേണ്ടതാണ്. ചട്ടവിരുദ്ധമായി നിർമ്മിച്ച കെട്ടിടത്തെ അനധികൃതമായ കെട്ടിടമായി കണക്കാക്കി തുടർനടപടിടെടുക്കേണ്ടതും കെട്ടിടനിർമ്മാണം ക്രമീകരിക്കുന്നതുവരെ നിയമാനുസൃതകെട്ടിടത്തിന്റെ 3 ഇരട്ടി വസ്തുനികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

2) ഡി.എം വിംസ്,ഫാർമസി കോളേജ്

ഡി.എം വിംസ്,ഫാർമസി കോളേജ് നിർമ്മിക്കാനുള്ള കെട്ടിടപെർമ്മിറ്റ് അപേക്ഷ പരിശോധിച്ചതിൽ അപേക്ഷ നല്കിയിട്ടുള്ളത് ഡി.എം എഡ്യുക്കേഷൻ ആന്റ് റിസർച്ച് ഫൗണ്ടേഷൻ ട്രസ്റ്റിന് വേണ്ടി പ്രോജക്ട് അഡ്മിനിസ്ട്രേറ്റർ ദേവാനന്ദ് കെ.ടി ആണ്. അപേക്ഷ പ്രകാരം പ്ലോട്ടിന്റെ സർവ്വേനം 64/2എ ആണ്. എന്നാൽ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച യാതൊരു രേഖയും അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടില്ല. അപേക്ഷയിൽ കെട്ടിടത്തിന്റെ ഉയരം രേഖപ്പെടുത്തിയിട്ടില്ല. 7 നിലയുള്ള ഈ കെട്ടിടത്തിനും മേൽ ഖണ്ഡികയിൽ പരാമർശിച്ച പ്രകാരമുള്ള ഫയർഫോഴ്സ് ഡയറക്ടറിൽ നിന്നോ അദ്ദേഹം ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനിൽ നിന്നോ ഒരംഗീകാരസർട്ടിഫിക്കറ്റ് ഇല്ലാതെയാണ് 293/2015-16 തിയ്യതി 16/01/16 നമ്പർ കെട്ടിടനിർമ്മാണ അനുമതി നല്കിയിട്ടുള്ളത്. കൂടാതെ എ.ഇയുടെ വിശദമായ പരിശോധന റിപ്പോർട്ട് ഇല്ല.അപേക്ഷയോടൊപ്പം പാർക്കിംഗ് പ്ലാൻ സമർപ്പിച്ചിട്ടില്ല.

മേൽ പരാമർശിച്ച രണ്ടുകെട്ടിടങ്ങളുടെയും സൈറ്റ് പ്ലാൻ പ്രകാരം രണ്ടുകെട്ടിടങ്ങളും ഒരേ പ്ലോട്ടിൽ ഒരേ സ്ഥലത്താണ് സ്ഥിതിചെയ്യുന്നത്. മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

ജില്ലാ കളക്ടറുടെ എച്ച്.3-2015/24778/12 തിയ്യതി 18/11/15 ലെ ഉത്തരവ് പ്രകാരം ഡി.എം എഡ്യുക്കേഷൻ ആന്റ് റിസർച്ച് ഫൗണ്ടേഷൻ ട്രസ്റ്റിന് മെഡിക്കൽകോളേജ് സ്ഥാപിക്കുന്നതിന് കെട്ടിടത്തിന്റെ ഉയരപരിധിയിൽ ഇളവ് അനുവദിച്ചിട്ടുണ്ടെങ്കിലും പാരിസ്ഥിതികാനുമതി ലഭിക്കുന്നതിനാവശ്യമായ നിബന്ധനകൾ പാലിക്കുന്നനുണ്ടെന്ന് പഞ്ചായത്ത് ഉറപ്പുവരുത്തി വേണം

തുടർനടപടി സ്വീകരക്കേണ്ടത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ ഡി.എം എഡ്യുക്കേഷൻ ആൻറ് റിസർച്ച് ഫൗണ്ടേഷൻ ട്രസ്റ്റിന് മെഡിക്കൽകോളേജ് സ്ഥാപിക്കുന്നതിന് പാരിസ്ഥിതികാനുമതി ലഭിച്ചതിന്റെ രേഖ ഓഡിറ്റിന് നൽകേണ്ടതാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ -21 /15-16 /08.11.16 ന് മറുപടി ലഭിച്ചില്ല. ഈ വിഷയത്തിൽ നടപടിയെടുത്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണനിയമത്തിന് വിരുദ്ധമായി കെട്ടിടപെർമ്മിറ്റ് നല്കി

2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം മൂപ്പൈനാട് ഗ്രാമപഞ്ചായത്തിന്റെ കൃഷിയോഗ്യമായ നെൽവയലുകളുടെയും തണ്ണീർതടങ്ങളുടെയും ഡാറ്റാബാങ്ക് ഉണ്ടാക്കുക,നിയമത്തിനെതിരായുള്ള നികത്തലുകൾ ജില്ലാതല ഓതറൈസ്ഡ് കമ്മിറ്റിക്ക് റിപ്പോർട്ട് ചെയ്യുക, വെറുതെ കിടക്കുന്ന നെൽവയലുകൾ കൃഷിയോഗ്യമാക്കാൻ നടപടിയെടുക്കുക, വീട് വയ്ക്കാൻ വേറെ ഭൂമിയില്ലാത്ത ആളുകൾക്ക് സെക്ഷൻ 8(i) മുതൽ 8(iii) വരെയുള്ള വ്യവസ്ഥകൾക്ക് വിധേയമായി (വയൽ നികത്തൽ ആവാസവ്യവസ്ഥയെ ബാധിക്കരുത്, വീട് വയ്ക്കുന്ന ആൾക്ക് ജില്ലയിൽ വേറെ വീട് ഉണ്ടാവരുത്, ചുറ്റുപാടും ഉള്ള നെൽകൃഷിയെ ബാധിക്കരുത്) വീട് വെയ്ക്കാൻ 10 സെന്റ് ഭൂമി വരെ നികത്താനുള്ള ശുപാർശ ജില്ലാതല ഓതറൈസ്ഡ് കമ്മിറ്റിക്ക് സമർപ്പിക്കുക എന്നിവ കൃഷി ഓഫീസർ കൺവീനറായിട്ടുള്ള ലോക്കൽ ലെവൽ കമ്മിറ്റിയുടെ ചുമതലകളാണ്.

ആയതിനാൽ ഇതുസംബന്ധിച്ച് താഴെപ്പറയുന്ന വിവരങ്ങളും വിശദീകരണങ്ങളും ഓഡിറ്റിന് നൽകേണ്ടതാണ് .

1) നിയമം നിലവിൽ വന്നു 8 വർഷം കഴിഞ്ഞിട്ടും ഡാറ്റാ ബാങ്ക് ഉണ്ടാക്കാത്തതിന് വിശദീകരണം നല്കേണ്ടതാണ്.

2. ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് ചെയർമാനുംകൃഷി ഓഫീസർ കൺവീനറായിട്ടുള്ള ലോക്കൽ ലെവൽ കമ്മിറ്റിയുടെ 12/08/2008 മുതലുള്ള പ്രവർത്തനം സംബന്ധിച്ച റിപ്പോർട്ട് (വിവിധ കാലയളവിലെ അംഗങ്ങളുടെ പേര് വിവരം സഹിതം) എന്നിവ ഓഡിറ്റിന് നൽകേണ്ടതാണ്.
3. ഇതുവരെ അനധികൃതമായ എത്ര നികത്തലുകൾക്കെതിരെ ലോക്കൽ ലെവൽ കമ്മിറ്റി നടപടിയെടുത്തു എന്നതിന്റെ രേഖ ഓഡിറ്റിന് നല്കുക.
4. ലോക്കൽ ലെവൽ കമ്മിറ്റിയുടെ നേതൃത്വത്തിൽ വെറുതെ കിടന്ന എത്ര ഏക്കർ നെൽവയലുകൾ കൃഷിയോഗ്യമാക്കാൻ നടപടിയെടുത്തിട്ടുണ്ട് എന്നതിന്റെ രേഖ ഓഡിറ്റിന് നല്കുക.
5. 2015 ലെ കേരള ധനകാര്യ(2ാം ആക്ട്)പ്രകാരം (01/04/2015 മുതൽ പ്രാബല്യം) (ജി.ഒ(പി) 611/15 /ആർ.ഡി തിയ്യതി 17/11/2015) 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ 3-എ എന്ന വ്യവസ്ഥ ഉൾപ്പെടുത്തി. അതുപ്രകാരം 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം(12/08/2008 മുതൽ പ്രാബല്യം) നിലവിൽ വരുന്നതിന് മുമ്പുള്ള നെൽവയലിന്റെ പരിവർത്തനപ്പെടുത്തലോ രൂപാന്തരപ്പെടുത്തലോ ക്രമവത്ക്കരിക്കുന്നതിനുള്ള അധികാരം ജില്ലാകളക്ടറുടേതാണ്. എന്നാൽ താഴെപ്പറയുന്ന അപേക്ഷകളിൽ മേൽ വ്യവസ്ഥക്ക് വിരുദ്ധമായി അസി.സെക്രട്ടറി, അസി.എഞ്ചിനീയർ, വില്ലേജ് ഓഫീസർ എന്നിവർ വിവിധ തിയ്യതികളിലായി സ്ഥലപരിശോധന നടത്തി വീട് നിർമ്മാണത്തിന് അനുമതി നല്കിയത്. (മൂപ്പൈനാട് പഞ്ചായത്തിന്റെ സ്ഥലപരിശോധന രജിസ്റ്റർ പരിശോധിച്ചതിൽ റവന്യൂരേഖകളിൽ നിലം എന്ന് രേഖപ്പെടുത്തിയ പേജ് നം. 14 (ക്രമനം 75 മുതൽ) മുതൽ 25 വരെ (ക്രമ നം.128 വരെ) 54 അപേക്ഷകർക്ക് കെട്ടിടനിർമ്മാണത്തിന് അനുമതി നല്കിയിട്ടുണ്ട്). എതാനും ഉദാ. താഴെകൊടുക്കുന്നു.

| ക്രമ | അപേക്ഷകന്റെ പേര്/സർവ്വേനം | നിലം |
|---|---|---|

| നം. | | പരിശോധന കമ്മിറ്റി തീരുമാന തിയ്യതി |
|---|---|---|
| 1 | സമീറ സലാം,വകേരി,റിപ്പൺ/225/2(.0405) | 21/11/15 |
| 2 | ബുഷ്റ പൊട്ടൻ പിലാൻ/322/8 (5 സെന്റ്) | ,, |
| 3 | ഉനൈസ് കാഞ്ഞിരപിലാൻ,റിപ്പൺ/211/1(10 സെന്റ്) | ,, |
| 4 | ഹാരിസ് വിളക്കത്തുവയൽ/മൂപ്പൈനാട്/122/34 (.0633 ഹെ.) | 26.11.15 |
| 5 | കോയ,പാത്തുമ്മ,കോരൻതൊടിക/മൂപ്പൈനാട് /124/9(.0755 ഹെ.) | ,, |
| 6 | രവീന്ദ്രൻ,പ്രസന്ന,പൊയാലയിൽ/326/13(16 സെന്റ്) | ,, |

ക്രമനം 1 മുതൽ 4 വരെയുള്ളവയ്ക്ക് മറുപടി ലഭിച്ചില്ല. ആയത് ലഭ്യമാക്കേണ്ടതാണ്. ക്രമനം 5 ന് മറുപടിയായി 22/01/11 ലെ 4545/ആർ.എ1/2011 തസ്വഭവ സർക്കുലർ പ്രകാരമാണ് നിലം എന്ന് രേഖപ്പെടുത്തിയ സ്ഥലങ്ങളിൽ കെട്ടിടനിർമ്മാണത്തിന് അനുമതി നല്കിയതെന്നും 30/11/15 ന് ശേഷം അനുമതി നല്കിയിട്ടില്ലെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. എന്നാൽ 2015 ലെ കേരള ധനകാര്യ(2ാം ആക്ട്)പ്രകാരം (01/04/2015 മുതൽ പ്രാബല്യം) ന് ശേഷം നിലം നികത്തിയ ഭൂമിയിൽ നല്കിയ കെട്ടിടനിർമ്മാണ പെർമ്മിറ്റുകൾക്ക് നിയമസാധുത ഇല്ലാത്തതിനാൽ അവ റദ്ദാക്കേണ്ടതാണ്. അപ്രകാരം നടപടിയെടുത്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 തൊഴിൽനികുതി ഈടാക്കിയതിലെ പാളിച്ചകൾ

1) തൊഴിൽനികുതി ഈടാക്കിയതിൽ കുറവ്

1. വയനാട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് എന്ന സ്ഥാപനത്തിന്റെ തൊഴിൽനികുതി റിട്ടേൺ പരിശോധിച്ചതിൽ (2015-16 രണ്ടാം അർദ്ധവർഷം) ജീവനക്കാരിൽ നിന്നും തൊഴിൽനികുതി കുറവ് ഈടാക്കിയതായി കാണുന്നു. ഏതാനും ഉദാ. താഴെകൊടുക്കുന്നു.

| ക്രമ നം. | ജീവനക്കാരന്റെ പേര് | തസ്തിക | പ്രതിമാസ മൊത്ത ശമ്പളം | അർദ്ധ വർഷത്തെ മൊത്തം ശമ്പളം | ഈടാക്കേണ്ട തൊഴിൽ നികുതി | ഈടാക്കിയ തൊഴിൽ നികുതി | ഈടാക്കി യതിൽ കുറവ് |
|---|---|---|---|---|---|---|---|
| 1 | പ്രിയ .ഇ | സ്റ്റാഫ് നേഴ്സ് | 12000/- | 72000/- | 600 | 180 | 420/- |
| 2 | ഗ്രീഷ്മ കെ.ആർ | ഫാർമസിസ്റ്റ് | 11264/- | 67584/- | 600 | 300 | 300 |

| | | | | | | | |
|---|---|---|---|---|---|---|---|
| 3 | മുഹമ്മദ് നൗഫൽ എൻ | ലാബ്ടെക്നീഷ്യൻ | 12000/ | 72000/- | 600 | 300 | 300 |
| 4 | ജിജേഷ്. പി.വി | മൈക്രോബയോളജിസ്റ്റ് | 16000/- | 96000/- | 750 | 300 | 450 |
| 5 | ചിഞ്ചു.ഡി | ഡെന്റൽ ടെക്നീഷ്യൻ | 15100/- | 90600/- | 750 | 300 | 450 |
| 6 | അനുരാജൻ | സീനിയർ അസിസ്റ്റൻറ് | 11500/- | 69000/- | 600 | 450 | 150 |

വിശദീകരണം നൽകേണ്ടതാണ്. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ - 06 /15-16/02.11.16 ന് മറുപടിയായി വയനാട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് സമർപ്പിച്ച റിട്ടേൺ തെറ്റായതിനാൽ അപാകത കാണിച്ച് നോട്ടീസ് നല്കിയതിന്റെ അടിസ്ഥാനത്തിൽ 12/08/16 ന് അതേ തുകയ്ക്ക് പുതുക്കിയ റിട്ടേൺ സമർപ്പിച്ചുവെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. തെറ്റായ റിട്ടേൺ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 27/02/2016 ന് തൊഴിൽനികുതി സ്വീകരിച്ചത് ശരിയായ നടപടിയല്ല. ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

2)1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി)ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് പരിധിയിൽപ്പെട്ട സ്ഥാപനങ്ങളിലെ ജീവനക്കാരുടെ വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ടു നല്കിയിട്ടുള്ള ഫോറം നം.1, തൊഴിലുടമ സമർപ്പിച്ച ജീവനക്കാരുടെ വിവരങ്ങൾ സംബന്ധിച്ച ഫോറം നം.2, ഫോറം നം. 3 പ്രകാരമുള്ള ഡിമാന്റ് നോട്ടീസ്, ഫോറം നം.4 പ്രകാരം ഡിമാന്റ് നോട്ടീസ് നടത്തുന്നതിനും പിരിക്കുന്നതിനും ആവശ്യപ്പെട്ടതിന്റെ രേഖ, തൊഴിൽനികുതി ഡിമാന്റ് പുരോഗതി വിലയിരുത്തുന്നതിനായി പഞ്ചായത്തും തൊഴിലുടമയും സൂക്ഷിക്കുന്ന V ാം നമ്പർ ഫോറത്തിലുള്ള രജിസ്റ്റർ, VI ാം നം ഫോറത്തിൽ നോട്ടീസ് നൽകി റിട്ടേൺ സ്വീകരിച്ചതിന്റെ രേഖ എന്നിവ ഓഡിറ്റിന് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. തൊഴിലുടമ സൂക്ഷിക്കുന്ന രജിസ്റ്ററിന്റെ കൃത്യത ഓരോ അർദ്ധവർഷാവസാനവും സെക്രട്ടറി ഉറപ്പുവരുത്തുന്നുണ്ടോയെന്നും അറിയിക്കേണ്ടതാണ്. ആയത് നടപ്പിലാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3) ചില സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽനികുതി (ക്രമ നം.1-3)യും (ക്രമ നം.4-6) സ്ഥാപനത്തിന്റെ തൊഴിൽനികുതിയും ജീവനക്കാരുടെ തൊഴിൽനികുതിയും ഈടാക്കിയിട്ടില്ല.

വിശദാംശങ്ങൾ താഴെപ്പറയുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | വയനാട് ജില്ലാസഹകരണബാങ്ക്,വടുവഞ്ചാൽ ശാഖ (ഒന്നും രണ്ടും അർദ്ധവർഷം) |
| 2 | മേപ്പാടി പാളാന്റേഷൻസ് (") |
| 3 | ക്ഷീരോത്പ്പാദക സഹകരണസംഘം,വടുവഞ്ചാൽ („) |
| 4 | സ്റ്റേറ്റ് ബാങ്ക്ഓഫ് ഇന്ത്യ,വടുവഞ്ചാൽ ബ്രാഞ്ച് (ഒന്നാംഅർദ്ധവർഷം മാത്രം) |
| 5 | പാടിവയൽ എസ്റ്റേറ്റ് (രണ്ട് അർദ്ധവർഷവും) |

| | |
|---|---|
| 6 | സ്റ്റാർഹെൽത്ത് &അലീഡ് ഇൻഷുറൻസ്, താഴെഅരപ്പറ്റ ശാഖ |
| 7 | അക്ഷയകേന്ദ്രം,തിനപുരം |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ - 06 /15-16/02.11 .16 ന് മറുപടിയായി ആയത് ഈടാക്കി ഓഡിറ്റിനെ അറിയിക്കുമെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

4)1996 ലെ കേ.പ.രാജ് ആക്ട് സെക്ഷൻ 205(ബി) പ്രകാരം തൊഴിൽനികുതി നിർണ്ണയിക്കുന്നതിലേയ്ക്കായി 2015-16 വർഷത്തിൽ കെട്ടിടനികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങളിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടമെന്നനിലയിൽ നികുതി നിർണ്ണയിച്ച് കെട്ടിടങ്ങൾ ഉപയോഗിക്കുന്നവരുടെ ലിസ്റ്റ് ആവശ്യപ്പെട്ട് നോട്ടീസ് നല്കിയിട്ടുണ്ടോ ?

ആയതിന് എത്ര ആളുകൾ മറുപടി നല്കിയിട്ടുണ്ട് ?

മറുപടിയുടെ അടിസ്ഥാനത്തിൽ തൊഴിൽനികുതി ഡിമാന്റ് രജിസ്റ്ററിൽ ചേർക്കപ്പെട്ട സ്ഥാപനങ്ങളുടെ/ആളുകളുടെ എണ്ണമെത്ര?

നിലവിൽ പഞ്ചായത്തിൽ ഗാർഹികേതര ആവശ്യത്തിന് ഉപയോഗിക്കുന്ന 1184 കെട്ടിടങ്ങളിൽ (01/11/16 ലെ കണക്ക് വച്ച്) അവ ഉപയോഗിക്കുന്നവരുടെ ലിസ്റ്റ് ആവശ്യപ്പെട്ട് നോട്ടീസ് നൽകിയിട്ടുണ്ടോ ?

ആയതിന് എത്ര ആളുകൾ മറുപടി നല്കിയിട്ടുണ്ട്?

മറുപടിയുടെ അടിസ്ഥാനത്തിൽ തൊഴിൽനികുതി ഡിമാന്റ് രജിസ്റ്ററിൽ ചേർക്കപ്പെട്ട സ്ഥാപനങ്ങളുടെ/ആളുകളുടെ എണ്ണമെത്ര?

1996 ലെ കേ.പ.രാജ് (നികുതി നിർണ്ണയവും ഈടാക്കലും അപ്പീലും )ചട്ടങ്ങൾ സെക്ഷൻ 5 പ്രകാരം നികുതി ചുമത്താവുന്ന വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും അസ്സസ്സ്മെന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. ആയതിനാൽ പഞ്ചായത്തിൽ ഗാർഹികേതര ആവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടങ്ങളിൽ അവ ഉപയോഗിക്കുന്നവരുടെ ലിസ്റ്റ് ആവശ്യപ്പെട്ട് നോട്ടീസ് നല്കി ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങളുടെ/ആളുകളുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്യേണ്ടതാണ്. ആയത് നടപ്പിലാക്കിയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് നൽകേണ്ടതാണ്.

5) 2015-16 ലേക്ക് D&O ലൈസൻസ് എടുത്ത 268 സ്ഥാപനങ്ങളിൽ 1996 ലെ കേ.പ.രാജ് ആക്ട് സെക്ഷനുകൾ 205(ബി) മുതൽ 205 (എഫ് ) പ്രകാരവും 1996 കേ.പ.രാ തൊഴിൽനികുതി ചട്ടങ്ങൾ ചട്ടം 10, 13 എന്നിവ പ്രകാരം നോട്ടീസ് നല്കിയ സ്ഥാപനങ്ങളുടെ എണ്ണമെത്ര?

ഇതേ ചട്ടപ്രകാരം റിട്ടേൺ സമർപ്പിച്ച സ്ഥാപനങ്ങളുടെ എണ്ണമെത്ര ? സമർപ്പിക്കാത്ത സ്ഥാപനങ്ങളുടെ എണ്ണമെത്ര ? ഇവർക്കെതിരെ സ്വീകരിച്ച നടപടികളുടെ വിശദാംശം എന്നിവ ഓഡിറ്റിന് നൽകേണ്ടതാണ്.

6) എല്ലാ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർചെയ്ത ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും അപേക്ഷ പ്രകാരം ജോലിചെയ്യുന്ന മുഴുവൻ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെപ്പറയുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര്/ജീവനക്കാരുടെ എണ്ണം | തൊഴിൽനികുതി ഈടാക്കിയ |
|---|---|---|

| | | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | എച്ച്.എം.എൽ,ഹോസ്പിറ്റൽ/32 | 18 |
| 2 | ഫിബി ക്ളിനിക്കൽ ലബോറട്ടറി,വട്ടുവഞ്ചാൽ/1 | 0 |
| 3 | ജീവ ഹോമിയോ സെൻ്റർ,വട്ടുവഞ്ചാൽ/1 | 0 |
| 4 | രാജാഡെൻ്റൽ ഹോസ്പിറ്റൽ,വട്ടുവഞ്ചാൽ/3 | 0 |
| 5 | മഞ്ജുനാഥ ചികിത്സാലയം, വട്ടുവഞ്ചാൽ/3 | 0 |
| 6 | ക്ളിനിക്കൽ ലബോറട്ടറി,റിപ്പൺ എസ്റ്റേറ്റ്ആശുപത്രി/10 | 0 |

മേൽ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 സാധനങ്ങളുടെ ട്രാൻസ്പോട്ടേഷൻ ചാർജ്ജ് നല്കിയതിൽ പൊരുത്തക്കേട്

ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 10.06.15 ലെ 13/15 നമ്പർ തീരുമാനപ്രകാരം അങ്കണവാടികളിൽ ഭക്ഷ്യവസ്തുക്കൾ എത്തിക്കുന്നതിന് എം.എം ഫിലിപ്പ് എന്നവരുടെ ക്വട്ടേഷൻ 1.6 കി.ഗ്രാം അംഗീകരിച്ചു. സാധനങ്ങളുടെ ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് നല്കിയതിൻ്റെ വിശദാംശങ്ങൾ താഴെപ്പറയുന്നു

| ക്രമ നം. | മാസം | ട്രാൻസ്പോട്ടേഷൻ ചാർജ്ജ് നല്കിയ തൂക്കം/കി.ഗ്രാം | സ്റ്റോക്ക് രജിസ്റ്റർ പ്രകാരംവാങ്ങിയ സാധനങ്ങളുടെ തൂക്കം |
|---|---|---|---|
| 1 | 11/15 | 3954 | 4046 |
| 2 | 02/16 | 4276 | 3942 |

ട്രാൻസ്പൊർട്ടേഷൻ ചാർജ്ജ് നൽകിയ അളവും സ്റ്റോക്ക് രജിസ്റ്ററിലെ സാധനങ്ങളുടെ അളവും വ്യത്യാസപ്പെട്ടിരിക്കുന്നത് സാധനങ്ങളുടെ വാങ്ങലിലെ അപാകങ്ങളെ സൂചിപ്പിക്കുന്നു. വ്യതിയാനത്തിന് വിശദീകരണം ഓഡിറ്റ് എൻക്വയറി നമ്പർ 13/7/11/16 പ്രകാരം ആവശ്യപ്പെട്ടതിന് നൽകിയ വിശദീകരണം വ്യക്തമല്ല.

### 3-2 പരപ്പൻപാറ കോളനിയിൽ സോളാർ പാനൽ ,വിപണനകേന്ദ്രം എന്നിവ സ്ഥാപിക്കുന്നതിന് തുക നൽകി-പദ്ധതി നടപ്പായില്ല

തൻവർഷം പരപ്പൻപാറ കോളനിയിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പാക്കുന്നതിന് തുക ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| 1. പ്രോജക്ട് നമ്പർ | 104/16 |
| പ്രോജക്ടിന്റെ പേര് | പരപ്പൻപാറ കോളനിയിൽ സോളാർലൈറ്റും ഇൻവർട്ടറും |
| ചെലവഴിച്ച തുക | 1,50,000/- |
| നിർവഹണം | സെക്രട്ടറി |
| ട്രഷറി ബിൽ തീയതി | 18/15-16/30.11.15 |

ട്രഷറിയിൽനിന്ന് പിൻവലിച്ച തുക ഡി.ഡി നമ്പർ 663793/9.12.15പ്രകാരം സൗത്ത് വയനാട് ഫോറസ്റ്റ് ഡവലപ്മെന്റ് ഏജൻസി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്കു നൽകി. എന്നാൽ പദ്ധതി നടപ്പാക്കിയതിന്റെ വിവരങ്ങളും മൂല്യനിർണ്ണയ വിവരങ്ങളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

| | |
|---|---|
| 2.പ്രോജക്ട് നമ്പർ | 105/16 |
| പ്രോജക്ട് | പരപ്പൻപാറ കോളനിയിൽ വനോൽപ്പന്ന ശേഖരണ സംസ്കരണ വിപണന കേന്ദ്രം സ്ഥാപിക്കൽ |
| ചെലവഴിച്ച തുക | 10,00,000/- |
| നിർവഹണം | സെക്രട്ടറി |
| ട്രഷറി ബിൽ തീയതി | 19/15-16/30.11.15 |

ട്രഷറിയിൽനിന്ന് പിൻവലിച്ച തുക ഡി.ഡി നമ്പർ 663795/9.12.15,663794/9.12.15 എന്നിവ പ്രകാരം സൗത്ത് വയനാട് ഫോറസ്റ്റ് ഡവലപ്മെന്റ് ഏജൻസി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്കു നൽകി. എന്നാൽ പദ്ധതി നടപ്പാക്കിയതിന്റെ വിവരങ്ങളും മൂല്യനിർണ്ണയ വിവരങ്ങളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-10/15-16/3.11.16 ന് നൽകിയ മറുപടിയിൽ സൗത്ത് വയനാട് ഫോറസ്റ്റ് ഡവലപ്മെന്റ് ഏജൻസി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്കു വിവരങ്ങൾ ആവശ്യപ്പെട്ട് കത്ത് നൽകി എന്നാണറിയിച്ചത്. പദ്ധതി പൂർത്തിയാകാത്ത സാഹചര്യത്തിൽ 11,50,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-3 ജനപ്രതിനിധികൾക്ക് അനുവദനീയമല്ലാത്ത ട്രെയിൻ ക്ലാസുകളിലെ യാത്രക്ക് യാത്രാപ്പടി അനുവദിച്ചു. 32,460/- രൂപ അധികം ചെലവഴിച്ചു.

| ക്രമ നം. | പേര് | യാത്രാതീയതി, സമയം, സ്ഥലം | അനുവദനീയമായ ട്രെയിൻ ക്ലാസ്, ചാർജ്ജ് | അനുവദിച്ച ട്രെയിൻ ക്ലാസ്, ചാർജ്ജ് | അധികം നൽകിയ തുക |
|---|---|---|---|---|---|
| 1 | ശ്രീ യഹിയ ഖാൻ തലക്കൽ ചെയർമാൻ, സ്റ്റാന്റിംഗ് കമ്മിറ്റി | 9.1.15 8.30 pm to 10.1.15 6 am Calicut-Trivandrum | II AC Rs 960 | I AC Rs 1625 | 665/- |
| | | 11.1.15 4am to 3pm Trivandrum-calicut | AC chair car Rs 630 | I AC Rs 1625 | 995/- |

| | | | |
|---|---|---|---|
| 16.2.15 8.30 pm to 17.2.15 6 am Calicut-Trivandrum | II AC Rs 960 | I AC Rs 1625 | 665/- |
| 18.2.15 4am to 3pm Trivandrum-calicut | AC chair car Rs 630 | I AC Rs 1625 | 995/- |
| 8.3.15 8.30 pm to 9.3.15 6 am Calicut-Trivandrum | II AC Rs 960 | I AC Rs 1625 | 665/- |
| 10.3.15 4am to 3pm Trivandrum-calicut | AC chair car Rs 630 | I AC Rs 1625 | 995/- |
| 19.5.15 8.30 pm to 20.5.15 6 am Calicut-Trivandrum | II AC Rs 960 | I AC Rs 1625 | 665/- |
| 21.5.15 4am to 3pm Trivandrum-calicut | AC chair car Rs 630 | I AC Rs 1625 | 995/- |
| 8.6.15 8.30 pm to 9.6.15 6 am Calicut-Trivandrum | II AC Rs 960 | I AC Rs 1625 | 665/- |
| 9.6.15 4am to 4pm Trivandrum-calicut | AC chair car Rs 630 | I AC Rs 1625 | 995/- |
| 7.7.15 8.30 pm to 8.7.15 6 am Calicut-Trivandrum | II AC Rs 960 | I AC Rs 1625 | 665/- |
| 9.7.15 4am to 3pm Trivandrum-calicut | AC chair car Rs 630 | I AC Rs 1625 | 995/- |
| 25.8.15 8.30 pm to 26.8.15 6 am Calicut-Trivandrum | II AC Rs 960 | I AC Rs 1625 | 665/- |
| 27.8.15 4am to 3pm Trivandrum-calicut | AC chair car Rs 630 | I AC Rs 1625 | 995/- |

| | | | | | |
|---|---|---|---|---|---|
| | | 17.9.15 8.30 pm to<br>18.9.15 6 am<br>Calicut-Trivandrum | II AC<br>Rs 960 | I AC<br>Rs 1625 | 665/- |
| | | 19.9.15 4am to 3pm<br>Trivandrum-calicut | AC chair car<br>Rs 630 | I AC<br>Rs 1625 | Rs |
| | | 4.1.16 8.30 pm to<br>5.1.16 6 am<br>Calicut-Trivandrum | II AC<br>Rs 960 | I AC<br>Rs 1625 | 665/- |
| | | 6.1.16 4am to 3pm<br>Trivandrum-calicut | AC chair car<br>Rs 630 | I AC<br>Rs 1625 | 995/- |
| | | 19.1.16 8.30 pm to<br>20.1.16 6 am<br>Calicut-Trivandrum | II AC<br>Rs 960 | I AC<br>Rs 1625 | 665/- |
| | | 21.1.16 4am to 3pm<br>Trivandrum-calicut | AC chair car<br>Rs 630 | I AC<br>Rs 1625 | 995/- |
| | | | | ആകെ | Rs 16,600/- |
| 2 | ശ്രീമതി അജിത<br>പ്രസിഡന്റ് | 17.2.15 7am to 10am<br>Calicut-palakkad | 2nd AC<br>Rs 695 | I AC<br>Rs 1155 | Rs 460/- |
| | | 19.2.15 4 am to 8 am<br>palakkad-calicut | 2nd AC<br>Rs 695 | I AC<br>Rs 1155 | Rs 460/- |
| | | 14.5.15 8.30 pm to<br>15.5.15 6 am<br>Calicut-Trivandrum | II AC<br>Rs 960 | I AC<br>Rs 1625 | 665/- |
| | | 18.5.15 4am to 3pm<br>Trivandrum-calicut | AC chair car<br>Rs 630 | I AC<br>Rs 1625 | 995/- |
| | | 17.9.15 8.30 pm to<br>18.9.15 6 am<br>Calicut-Trivandrum | II AC<br>Rs 960 | I AC<br>Rs 1625 | 665/- |
| | | 19.9.15 4am to 3pm<br>Trivandrum-calicut | AC chair car<br>Rs 630 | I AC<br>Rs 1625 | 995/- |
| | | | | ആകെ | 4240/- |

| | | | | | |
|---|---|---|---|---|---|
| 3 | ശ്രീമതി ഷഹർമാൻ സൈതലവി, വൈസ് പ്രസിഡന്റ് | 14.5.15 8.30 pm to 15.5.15 6 am Calicut-Trivandrum | II AC Rs 960 | I AC Rs 1625 | 665/- |
| | | 18.5.15 4am to 3pm Trivandrum-calicut | AC chair car Rs 630 | I AC Rs 1625 | 995/- |
| | | 17.9.15 8.30 pm to 18.9.15 6 am Calicut-Trivandrum | II AC Rs 960 | I AC Rs 1625 | 665/- |
| | | 19.9.15 4am to 3pm Trivandrum-calicut | AC chair car Rs 630 | I AC Rs 1625 | 995/- |
| | | 29.12.15 8.30 pm to 30.12.15 6 am Calicut-Trivandrum | II AC Rs 960 | I AC Rs 1625 | 665/- |
| | | 31.12.15 4am to 3pm Trivandrum-calicut | AC chair car Rs 630 | I AC Rs 1625 | 995/- |
| | | | | ആകെ | 4980/- |
| 4 | ശ്രീ കൃഷ്ണൻ കുട്ടി ചെയർമാൻ സ്റ്റാന്റിംഗ് കമ്മിറ്റി | 17.9.15 8.30 pm to 18.9.15 6 am Calicut-Trivandrum | II AC Rs 960 | I AC Rs 1625 | 665/- |
| | | 19.9.15 4am to 3pm Trivandrum-calicut | AC chair car Rs 630 | I AC Rs 1625 | 995/- |
| | | | | ആകെ | 1660/- |
| 5 | ശ്രീമതി ആർ യമുന ചെയർമാൻ സ്റ്റാന്റിംഗ് കമ്മിറ്റി | 14.5.15 8.30pm to 15.5.15 6 am Calicut-Trivandrum | II AC Rs 960 | I AC Rs 1625 | 665/- |
| | | 18.5.15 4am to 3pm Trivandrum-calicut | AC chair car Rs 630 | I AC Rs 1625 | 995/- |
| | | 3.8.15 8.30 pm to 4.8.15 6 am Calicut-Trivandrum | II AC Rs 960 | I AC Rs 1625 | 665/- |

| | | | | |
|---|---|---|---|---|
| | 5.8.15 4am to 3pm<br>Trivandrum-calicut | AC chair car<br>Rs 630 | I AC<br>Rs 1625 | 995/- |
| | 29.12.15 8.30 pm<br>to 30.12.15 6 am<br>Calicut-Trivandrum | II AC<br>Rs 960 | I AC<br>Rs 1625 | 665/- |
| | 31.12.15 4am to 3pm<br>Trivandrum-calicut | AC chair car<br>Rs 630 | I AC<br>Rs 1625 | 995/- |
| | | | ആകെ | 4980/- |
| | ആകെ മൊത്തം | | | 32,460/- |

ജനപ്രതിനിധികളുടെ യാത്രാബില്ലുകൾ മതിയായ മേൽ പരിശോധന നടത്താത്തതിനാലാണ് അധികം തുക നൽകേണ്ടിവന്നത്. സെക്രട്ടറിയുടെയും മറ്റ് ജീവനക്കാരുടെയും യാത്രാബില്ലുകൾ പെർഫോമൻസ് ഓഡിറ്റ് സീനിയർ സൂപ്രണ്ട് മേൽ പരിശോധന നടത്തിയതിനാൽ അപാകത പരിഹരിച്ചിട്ടുണ്ട്. I AC സൗകര്യം ഇല്ലാത്ത ട്രെയിനുകളിലെ യാത്രക്ക് I AC യാത്രപ്പടി അനുവദിച്ചിട്ടുണ്ട്. പകൽ സമയത്തെ യാത്രക്ക് രാത്രി യാത്രക്കുള്ള സ്ലീപ്പർ സൗകര്യമുള്ള ട്രെയിൻ ചാർജ്ജാണ് അനുവദിച്ചിട്ടുള്ളത്. ഇത്തരം കാര്യങ്ങളിൽ സെക്ഷൻ ക്ലാർക്ക്, ജൂനിയർ സൂപ്രണ്ട്, സെക്രട്ടറി എന്നിവർ ശ്രദ്ധിക്കേണ്ടതാണ്. അധികം കൈപ്പറ്റിയ തുക ജനപ്രതിനിധികളിൽ നിന്നും തിരിച്ചു പിടിച്ച് ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

## 3-4 ഹോംകോയിൽ നിന്നും കേരള മെഡിക്കൽ സർവ്വീസ് കോപ്പറേഷൻ ലിമറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും അവശ്യ മരുന്നുകൾ ലഭിക്കാൻ കാലതാമസം - 3,69,822/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു

മുപ്പൈനാട് ഗ്രാമപഞ്ചയത്ത് മെഡിക്കൽ ഓഫീസർ (അലോപ്പതി) മുഖേന നടപ്പിലാക്കിയ ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ, സ്വാന്തന പരിചരണത്തിന് മരുന്ന് വാങ്ങൽ- ഉപകരണങ്ങൾ- മറ്റുചെലവുകൾ, പെയിൻ ആന്റ് പാലിയേറ്റീവ് എന്നീ മൂന്ന് പദ്ധതിയിലും ഉൾപ്പെടുത്തി അവശ്യ മരുന്നുകൾ വാങ്ങുന്നതിനായി കരാർ ഉടമ്പടിയിൽ ഏർപ്പെടാതെ മാനേജർ ഹോംകോയ്ക്ക്, 1,50,000/- രൂപയും (ഡിഡി നം- 736761 തീയതി 18/05/2016 ) പ്രകാരവും മാനേജർ കേരള മെഡിക്കൽ കോപ്പറേഷൻ ലിമറ്റഡ് എന്ന സ്ഥാപനത്തിന് 2,40,956/-രൂപയും (ഡിഡി നം- 736756 തീയതി 06/05/2016 - 110956/-, ഡിഡി നം- 736762 തീയതി 16/05/2016 - 1,00,000/- നം, ഡിഡി നം- 736750 തീയതി 06/05/2016 - 30,000/-) കൈമാറിയിട്ടുണ്ടെങ്കിലും പെയിൻ &പാലിയേറ്റീവ് പദ്ധതിയുടെ ഭാഗമായി നൽകിയ 30,000/- രൂപയുടെ ഇൻഡന്റ് അനുസരിച്ചുള്ള മരുന്നുകളിൽ 21,134/- രൂപയുടെ മരുന്നുകൾ മാത്രമാണ് നാളിതുവരെ ലഭ്യമാക്കിയിട്ടുള്ളത്. മേൽ സാഹചര്യത്തിൽ അവശ്യ മരുന്നുകൾ സമയബന്ധിതമായി ലഭ്യമാക്കാത്തതിനാൽ മേൽ മൂന്ന് പദ്ധതി ചെലവുകളിൽ ഡിഡികൾ പ്രകാരം തുക നൽകിയിട്ടും മരുന്നുകൾ ലഭ്യമാക്കാത്ത 3,69,822/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു. അവശ്യ മരുന്നുകൾ ലഭ്യമാക്കിയും, സ്റ്റോക്ക് വിതരണ വിവരം സഹിതം ഓഡിറ്റിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 3-5 സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ - ആരോഗ്യ ബോധവൽക്കരണ പ്രതിരോധ രോഗ നിർണ്ണയ പരിപാടി നടത്തി .

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 0059/15-16 |

| | |
|---|---|
| പ്രൊജക്ടിന്റെ പേര് | ആരോഗ്യ ബോധവൽക്കരണ പ്രതിരോധ രോഗ നിർണ്ണയ പരിപാടി നടത്തി |
| ഫണ്ടിനം | വികസന ഫണ്ട് (റോഡിതരം) |
| അടങ്കൽ | 3,50,000/- |
| ചെലവ് ബിൽ നം/തീയതി /തുക | 3,50,000/-<br>1.8/15-16/17.03.2016 - 76400/-<br>2. 11/15-16/28.03.2016 - 273600/- |

ഗ്രാമപഞ്ചായത്ത് ആരോഗ്യ ബോധവൽക്കരണ പ്രതിരോധ രോഗ നിർണ്ണയ പരിപാടി എന്ന പദ്ധതിയിൽ ജീവിതശൈലീരോഗ നിയന്ത്രണ പരിപാടികൾക്കാവശ്യമായ സാധനസാമഗ്രികൾ വാങ്ങൽ, തയ്യാറാക്കൽ, ലഭ്യമാക്കൽ പ്രൊജക്ട് പ്രകാരം വിഭാവനം ചെയ്തിരുന്നത്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ മൂന്നിടങ്ങളിലായി ദേശീയാരോഗ്യ പരിപാടികളുടെ ഭാഗമായി മലബാർ കാൻസർ സെന്റർ, തലശ്ശേരി എന്ന സ്ഥാപനത്തിൽ നിന്നും മൊബൈൽ ലാബ് സൗകര്യത്തോടെ ഡോക്ടർമാർ കാൻസർ-വൃക്കരോഗ നിർണ്ണയക്യാമ്പ് നടത്തിയിട്ടുണ്ട്. പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 7.7 ബോധവൽക്കരണ ക്യാമ്പുകൾ, മേളകൾ മുതലായവയ്ക്ക് നിയന്ത്രണം എന്ന ഖണ്ഡികയിൽ പരാമർശിച്ച പ്രകാരം ഉൽപാദന പരമല്ലാത്ത പരിപാടികളായ ബോധവൽക്കരണ ക്യാമ്പയിനുകൾ, മേളകൾ, ഉത്സവങ്ങൾ, സെമിനാറുകൾ, ഉല്ലാസ-പഠന യാത്രകൾ, സമ്മേളനങ്ങൾ, ആദരിക്കൽ തുടങ്ങിയവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുവാൻ പാടുള്ളതല്ല. എന്നാൽ വിദൂര പ്രദേശങ്ങളിലെ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ മെഡിക്കൽ ക്യാമ്പുകൾ നടത്താവുന്നതും, സർക്കാരിന്റെ മുൻകൂർ അനുമതിയോടെ ഏതെങ്കിലും പ്രത്യേക വിഭാഗത്തിനു വേണ്ടിയോ, പ്രത്യേക അവശ്യത്തിനുവേണ്ടിയോ ബോധവൽക്കരണ പരിപാടികൾ നടത്താൻ സർക്കാർ അനുവദിച്ചിട്ടുള്ള സംഗതികളിൽ ബോധവൽക്കരണ ക്യാമ്പുകൾ നടത്താവുന്നതാണ്.

സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ ആരോഗ്യ ബോധവൽക്കരണ പ്രതിരോധ രോഗനിർണ്ണയ പരിപാടി നടത്തുന്നത് ഭാവിയിൽ ഒഴിവാക്കേണ്ടതും സർക്കാരിന്റെ അനുമതിയോടെ ഇത്തരത്തിൽ ഗ്രാമപഞ്ചായത്തിന് അത്യാവശ്യമെന്ന് ബോദ്ധ്യപ്പെടുന്ന പദ്ധതികൾ തനത് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 3-6 ദർഘാസ് പത്രപരസ്യം - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.

ഗ്രാമപഞ്ചായത്ത് 2015-16 വർഷം ദർഘാസ് പരസ്യം ദിനപത്രങ്ങളിൽ പ്രസിദ്ധീകരിച്ചതിന് താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. വിശദാംശം താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നമ്പർ | ട്രഷറി ബിൽ നം./ തീയ്യതി | ദിനപത്രം | ഇൻവോയിസ് നമ്പർ | പരസ്യത്തിന്റ വലിപ്പം | തുക |
|---|---|---|---|---|---|
| 1 | 14/19.10.15 | മാതൃഭൂമി | 60684112/26.8.15 | 8x8 | 6080 |

| | | | | | |
|---|---|---|---|---|---|
| 2 | 14/19.10.15 | മാതൃഭൂമി | 60705567/30.9.15 | 8x8 | 6080 |
| 3 | 14/19.10.15 | ചന്ദ്രിക | 1999/13.9.15 | 9 x 8 | 3600 |
| 4 | 23/14.1.16 | മാതൃഭൂമി | 60750009/10.12.15 | 8x13 | 9880 |
| 5 | ചെക്ക് നമ്പർ 10105/31.3.16 | മാതൃഭൂമി | 60804503/2.3.16 | 8x7 | 5320 |

01.01.2004 – ലെ ജി.ഒ. (പി) 01/04/ഐ ആന്റ് പി.ആർ പ്രകാരം ദർഘാസ് പരസ്യങ്ങൾ മൂന്ന് സെന്റീമീറ്റർ x രണ്ട് കോളം വലിപ്പത്തിലുള്ള വിൻഡോ പരസ്യങ്ങളായാണ് പത്രങ്ങളിൽ പ്രസിദ്ധീകരിക്കേണ്ടത്. ഇതിന് പുറമേ 04.01.2011 – ലെ ജി.ഒ. (ആർ.ടി.) 01/2011/ പി ആന്റ് എ.ആർ.ഡി പ്രകാരം സർക്കാർ സ്ഥാപനങ്ങൾ നൽകുന്ന പരസ്യങ്ങൾക്ക് 15% ഡിസ്കൗണ്ടും ഉറപ്പ് വരുത്തേണ്ടതാണ്. മേൽപ്പറഞ്ഞ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചതായിക്കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-9/15-16/3.11.16 ന് നൽകിയ മറുപടിയിൽ നിലവിൽ നിർദ്ദേശങ്ങൾ പാലിക്കുന്നുവെന്ന് അറിയിച്ചിട്ടുണ്ട്. ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-7 പരപ്പൻപാറ കോളനിയിൽ പച്ചക്കറികൃഷി - പദ്ധതി പൂർത്തീകരിച്ചില്ല

തൻവർഷം പരപ്പൻപാറ കോളനിയിൽ പച്ചക്കറികൃഷി നടത്തുന്നതിനുവേണ്ടി താഴെപ്പറയുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ട് നമ്പർ | 166/16 |
| പ്രോജക്ട് | പരപ്പൻപാറ കോളനിയിൽ പച്ചക്കറികൃഷി |
| ചെലവഴിച്ച തുക | 1,00,000/- |
| നിർവഹണം | അഗ്രികൾച്ചർ ഓഫീസർ |
| ട്രഷറി ബിൽ തീയതി | 17/15-16/30.3.16 |

ട്രഷറിയിൽനിന്ന് പിൻവലിച്ച തുക ഡി.ഡി നമ്പർ 341822/4.4.16 പ്രകാരം മേപ്പാടി ഫോറസ്റ്റ് റെയിഞ്ച് ഓഫീസിലെ ബീറ്റ് ഫോറസ്റ്റ് ഓഫീസർക്കു നൽകി. പ്രോജക്ട് പ്രകാരം കോളനിയിൽ രൂപീകരിച്ച കുടുംബശ്രീ അയൽക്കൂട്ടത്തിന്റെ യൂണിറ്റിന് പച്ചക്കറി തൈകൾ, വിത്ത്, ജൈവവളം, കൂലിച്ചെലവ് എന്നിവ നൽകുന്നതിനാണ് തുക വകയിരുത്തിയത്. സൗത്ത് വയനാട് ഫോറസ്റ്റ് ഡവലപ്മെന്റ് ഏജൻസി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും കൃഷി ഓഫീസറും തമ്മിൽ വെച്ച എഗ്രിമെന്റ് പ്രകാരം സൗത്ത് വയനാട് ഫോറസ്റ്റ് ഡവലപ്മെന്റ് ഏജൻസി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ തയ്യാറാക്കിയ പ്ലാൻ പ്രകാരം പദ്ധതി നടപ്പാക്കി രേഖകൾ നിർവഹണോദ്യോഗസ്ഥന് കൈമാറേണ്ടതായിരുന്നു. രൂപീകരിച്ച കുടുംബശ്രീ യൂണിറ്റിന്റെ വിവരങ്ങളും കൃഷി നടപ്പാക്കിയതിന്റെയും രേഖകളും ഓഡിറ്റിന് ഹാജരാക്കേണ്ടതാണ് എന്ന് ഓഡിറ്റ് എൻക്വയറി - 05/15-16 /01.11.2016 പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും വിവരങ്ങൾ ലഭ്യമാക്കിയില്ല. 1,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-8 ഗുണഭോക്തൃസമിതി പ്രവൃത്തി മാനദണ്ഡങ്ങൾ പാലിക്കാത്തത് - സംബന്ധിച്ച്.

ഗുണഭോക്തൃസമിതി പ്രവൃത്തി മാനദണ്ഡങ്ങൾ പാലിക്കാത്തത് സംബന്ധിച്ച്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

സബ്സിഡി മാർഗ്ഗരേഖ (ജി.ഒ.(എം.എസ്)248/2012/ത.സ്വ.ഭ.വ,29.09.2012) ഖണ്ഡിക 7.11.6 പ്രകാരം ഗുണഭോക്തൃസമിതിയുടെ ചെയർമാനും കൺവീനറും അംഗങ്ങളും ഗുണഭോക്തൃ പ്രദേശത്തെ അംഗങ്ങളാണെന്ന് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതും, ഖണ്ഡിക 7.11.9 പ്രകാരം ഗുണഭോക്തൃസമിതി മുഖാന്തിരം നടപ്പിലാക്കുന്ന 5 ലക്ഷം രൂപയിൽ കൂടുതൽ മൂല്യമുള്ള പ്രവൃത്തികളുടെ ഗുണഭോക്തൃ കമ്മിറ്റിയിൽ ഒരു സാങ്കേതിക വിദഗ്ധനെ ഉൾപ്പെടുത്തേണ്ടതുമാണ് (ആയത് അനുസരിച്ച് കരാർ ഉടമ്പടിയിൽ വ്യവസ്ഥ ഉൾപ്പെടു ത്തേണ്ടതാണ്). എന്നാൽ ഗുണഭോക്തൃസമിതി മുഖാന്തിരം നടപ്പിലാക്കിയ മേൽ പ്രവൃത്തിയുടെ നിർവ്വഹണത്തിൽ പ്രസ്തുത നിബന്ധനകൾ പാലിച്ചിട്ടില്ല. ഇതിനുപുറമേ പ്രവൃത്തി നിർവ്വഹണത്തിന്റെ രേഖകൾ പരിശോധനയിൽ കണ്ട മറ്റ് അപാകതകൾ താഴെ പറയുന്നു.

1. മിനുട്ട്സ് ബുക്ക് : ആഴ്ചയിൽ ഒരിക്കൽ യോഗം ചേർന്നതായി കാണുന്നില്ല. ബാങ്കിൽ നിന്ന് എത്ര രൂപ പിൻവലിക്കണം, സാധനങ്ങൾ ഏത് നിരക്കിൽ എവിടെ നിന്ന് വാങ്ങണം, എത്ര തൊഴിലാളികളെ നിയോഗിക്കണം തുടങ്ങിയ കാര്യങ്ങൾ തീരുമാനിച്ചതായി മിനുട്ട്സിൽ രേഖപ്പെടുത്തലുകൾ ഇല്ല.

   മസ്റ്റർറോൾ :മസ്റ്റർറോളികളിൽ തൊഴിലാളികൾ ഒപ്പിനോടൊപ്പം തീയതി രേഖപ്പെടുത്തിയിട്ടില്ല. മസ്റ്റർറോളിൽ തൊഴിലാളികൾ തീയതിവെച്ച് ഒപ്പ് രേഖപ്പെടുത്തേണ്ടതാണ്. തീയതിവെച്ച് ഒപ്പിടാത്ത മസ്റ്റർറോളുകൾ അസാധുവാണ്.

2. ബാങ്ക് അക്കൗണ്ട് : മാർഗ്ഗരേഖ പ്രകാരം ഗുണഭോക്തൃസമിതിയുടെ പണമിടപ്പാടുകൾ ചെയർമാന്റെയും കൺവീനറുടെയും പേരിലുള്ള സംയുക്ത ബാങ്ക് അക്കൗണ്ട് വഴി ആയിരിക്കണം. എന്നാൽ ഓഡിറ്റിന് സമർപ്പിച്ച ഗുണഭോക്തൃസമിതി വർക്കുകളുടെ ഫയലുകളിൽ ഒന്നും ബാങ്ക് അക്കൗണ്ടിന്റെ രേഖയില്ല (ബാങ്ക് പാസ്സ് ബുക്ക്).
3. വരവ് ചെലവ് കണക്ക് പുസ്തകം എഴുതി സൂക്ഷിച്ചിട്ടില്ല.
4. ദൈനംദിന ഡയറി ഫയലിൽ സൂക്ഷിച്ചിട്ടില്ല.
5. വൗച്ചറുകളിൽ ചെയർമാൻ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല.

മേൽ വിഷയങ്ങൾക്ക് വിശദീകരണവും അധിക വിവരങ്ങൾ ഉണ്ടെങ്കിൽ ആയതും ലഭ്യമാക്കാൻ താൽപ്പര്യപ്പെടുന്നു.

## 3-9 വി.ഇ.ഒ നടപ്പിലാക്കിയ വീട് പുനരുദ്ധാരണപദ്ധതി-അനർഹർക്ക് ആനുകൂല്യം നൽകി.

ഗ്രാമപഞ്ചായത്തിൽ തൻവർഷം നടപ്പാക്കിയ ഭവനപുനരുദ്ധാരണപദ്ധതിയിൽ അനർഹരായവർക്ക് ആനുകൂല്യങ്ങൾ നൽകുകയും രേഖകൾ ക്രമപ്രകാരം സൂക്ഷിക്കാതിരിക്കുകയും ചെയ്തു.

പ്രൊജക്ട് നം - 64/15-16

പ്രൊജക്ടിന്റെ പേര് - വീട് പുനരുദ്ധാരണം (ജനറൽ)

ഫണ്ടിനം - ധനകാര്യകമ്മീഷൻ അവാർഡ്

അടങ്കൽ - 8,00,000/-

ചെലവ് - 5,50,000/-

ബിൽനം/തീയതി -01/15-16, 250,000/- രൂപ തീയതി. 15.12.2015

ബിൽനം/ തീയതി -02/15-16, 150,000/- രൂപ തീയതി. 27.01.2016

ബിൽനം/ തീയതി -03/15-16, 150,000/- രൂപ തീയതി. 29.03.2016

പദ്ധതി നടപ്പാക്കിയതിൽ താഴെപ്പറയുന്ന അപാകങ്ങൾ വന്നിട്ടുണ്ട്.

എ)സബ്സിഡി മാർഗ്ഗരേഖ, ജി.ഒ.(എം.എസ്) 362/13/ ത.സ്വ.ഭ.വ 16/11/13പ്രകാരം 8 വർഷത്തിലധികം പഴക്കമുള്ള വീടുകൾക്കാണ് സബ്സിഡിക്ക് അർഹത.പല അപേക്ഷകളിലും ഗുണഭോക്താവ് വീടിന്റെ കാലപ്പഴക്കം കാണിച്ചിട്ടില്ല. വീടിന് പുനരുദ്ധാരണ-അറ്റകുറ്റപണികൾ അനിവാര്യമാണെന്ന് നിർവ്വഹണഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. താഴെപ്പറയുന്ന അപേക്ഷകർക്ക് അർഹതയില്ലാതെയാണ് സബ്സിഡി നൽകിയത്.

| ക്രമ നമ്പർ | ഗുണഭോക്താവ് | വീട്ട് നമ്പർ | വീട് നിർമ്മാണം പൂർത്തിയായ തീയതി /വർഷം | നൽകിയ തുക |
|---|---|---|---|---|
| 1 | സില്ലി | 3/162 A | 23.3.12 | 10,000 |
| 2 | ആയിഷ | 5/347A | 30.11.15 | 10,000 |
| 3 | പ്രേമലത | 5/363 | 2008-09 | 10,000 |
| 4 | വത്സ | 6/325 | 16.11.11 | 10,000 |
| 5 | ഉഷമോഹനൻ | 8/107 A | 5.1.2009 | 10,000 |
| 6 | പെണ്ണമ്മ | 8/305 | 24.4.2009 | 10,000 |
| 7 | ഗീത | 15/305 | 2009-10 | 10,000 |
| 8 | ജയപ്രകാശ് | 8/24 | 12.5.2009 | 10,000 |

അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന് ഓഡിറ്റ് എൻക്വയറി - 07/15-16 /03.11.2016 പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല. 80,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-10 മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പപദ്ധതി അവലോകനം

2015-16 വർഷം മൂപ്പൈനാട് ഗ്രാമപഞ്ചായത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതിയിൽ 3,72,37,470/- രൂപ ചെലവഴിച്ചു. പദ്ധതി സംബന്ധിച്ച മറ്റു വിവരങ്ങൾ ഇപ്രകാരമാണ്.

- രജിസ്ട്രേഷൻ

| വിഭാഗം | രജിസ്റ്റർ ചെയ്ത കുടുംബങ്ങൾ |
|---|---|
| പടികജാതി | 330 |
| പട്ടികവർഗ്ഗം | 451 |
| ജനറൽ | 3734 |
| ആകെ | 4515 |

- തൊഴിൽ കാർഡ് വിതരണം

| വിഭാഗം | തൊഴിൽകാർഡ് കൈപ്പറ്റിയ കുടുംബങ്ങൾ |
|---|---|
| പടികജാതി | 330 |
| പട്ടികവർഗ്ഗം | 451 |
| ജനറൽ | 3734 |
| ആകെ | 4515 |

- തൻവർഷം സൃഷ്ടിച്ച ആസ്തികൾ

| ക്രമ നമ്പർ | പ്രവർത്തിയുടെ ഇനം | അളവ് | സൃഷ്ടിക്കപ്പെട്ട തൊഴിൽദിനം | ആകെ ചെലവ് |
|---|---|---|---|---|
| 1 | ജലസംരക്ഷണവും മഴവെള്ളക്കൊയ്ത്തും | 663 | 355284 | 13,58,00,000 |
| 2 | വനസംരക്ഷണവും മരം വെച്ചുപിടിപ്പിക്കലും അതുവഴി വരൾച്ച തടയലും | 465 | 148297 | 5,66,00,000 |
| 3 | പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം | 217 | 104410 | 3,98,50,000 |
| 4 | ഭൂവികസനം | 442 | 323057 | 12,33,00,000 |
| 5 | വെള്ളപ്പൊക്കനിയന്ത്രണം | 168 | 51834 | 2,48,00,000 |
| 6 | വ്യക്തിഗതപ്രവൃത്തികൽ | 266 | 46727 | 1,62,04,000 |
| 7 | മറ്റുള്ള പ്രവൃത്തികൾ | 129 | 42183 | 1,61,00,000 |
| 8 | മറ്റുള്ള പ്രവൃത്തികൾ | 284 | 120961 | 5,31,00,000 |

- വേതനം നൽകിയ വിവരം രേഖപ്പെടുത്തുന്നില്ല

നിലവിൽ തൊഴിലാളികളുടെ അക്കൗണ്ടിലേക്ക് നേരിട്ട് തുക ട്രാൻസ്ഫർ ചെയ്യുന്ന രീതിയാണ് പിൻതുടരുന്നത്. ഈ രീതിയിൽ തൊഴിലാളികളുടെ അക്കൌണ്ടിലേക്ക് വേതനം നൽകിയ തീയതി ഫയലുകളിൽ രേഖപ്പെടുത്തുന്നില്ല.

അതുകൊണ്ട് തന്നെ നിശ്ചിതസമയപരിധിക്കുള്ളിൽ വേതനം നൽകിയോ എന്ന് പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല. വേതനം നൽകിയ വിവരം രേഖപ്പെടുത്തി ഫയൽ സൂക്ഷിക്കേണ്ടതാണ്.

- രേഖകളുടെ സൂക്ഷിപ്പ്, പദ്ധതി നടത്തിപ്പ്.

പദ്ധതികൾ നടപ്പാക്കുന്നതിലും രേഖകൾ സൂക്ഷിക്കുന്നതിലും ഫണ്ട് ചെലവഴിക്കുന്നതിലും പഞ്ചായത്ത് ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. ഇത് അഭിനന്ദനാർഹമാണ്.

## 3-11 കരാറുകാരൻ കരാർ ചമക്കാൻ കാലതാമസം വരുത്തുന്നു-നടപടി സ്വീകരിച്ചില്ല

2015-16 വർഷത്തിൽ നടപ്പിലാക്കിയ വിവിധ പ്രവൃത്തികളിൽ കരാറുകാരൻ കരാർ ചമയ്ക്കാൻ കാലതാമസം വരുത്തുന്നു. എന്നാൽ അസി. എഞ്ചിനിയർ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

1)

| | |
|---|---|
| പ്രോജക്ടിന്റെ പേര് | മാൻകുന്ന് എട്ടാം നമ്പർ റോഡ് 169/2015 |
| നിർവ്വഹണം | അസി. എഞ്ചിനിയർ |
| അടങ്കൽ | 200000/- രൂപ |
| ചെലവ് | 197218/-രൂപ |
| അളവ് പുസ്തകം | 236/14-15 |
| കരാറുകാരൻ | പ്രവീൺ കെ പി estimate rate |
| ടെണ്ടർ അംഗീകരിച്ച തീയതി | 18.9.14 |
| കരാർ നമ്പർ | 63/14-15 23.2.2015 |
| പൂർത്തീകരണ തീയതി | രേഖപ്പെടുത്തിയിട്ടില്ല |
| പൂർത്തീകരിച്ച തീയതി | 12.6.15 |

2)

| | |
|---|---|
| പ്രോജക്ടിന്റെ പേര് | അരപ്പറ്റ ബാലവാടി റോഡ് ടാറിംഗ് 79/15, 5/16 |
| നിർവ്വഹണം | അസി. എഞ്ചിനിയർ |
| അടങ്കൽ | 400000/- രൂപ |
| ചെലവ് | 399788/-രൂപ |
| അളവ് പുസ്തകം | 239/14-15 |
| കരാറുകാരൻ | സനോജ് കെ പി estimate rate |
| ടെണ്ടർ അംഗീകരിച്ച തീയതി | 18.9.14 |
| കരാർ നമ്പർ | 95/14-15 23.3.2015 |
| പൂർത്തീകരണ തീയതി | രേഖപ്പെടുത്തിയിട്ടില്ല |

| പൂർത്തീകരിച്ച തീയതി | 12.6.15 |
|---|---|

2012 ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2009.6 പ്രകാരം സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനുള്ളിൽ കരാറുടമ്പടി വച്ചില്ലെങ്കിൽ PAC യുടെ 1% (minimum Rs1,000/- maximum 25,000/-) പിഴയോടുകൂടി കരാറുടമ്പടി വെയ്ക്കാം. 14 ദിവസവും, പിഴയോട് കൂടിയ 10 ദിവസവും കഴിഞ്ഞും കരാറുടമ്പടി വച്ചില്ലെങ്കിൽ കരാർ റദ്ദാക്കണം.

മേൽ അപാകത ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 3-12 ഗുണഭോക്തൃസമിതി മുഖാന്തിരം നടപ്പിലാക്കിയ പ്രവൃത്തികൾക്കായി വാങ്ങുന്ന നിർമ്മാണ സാധനങ്ങൾക്ക് വിൽപ്പനനികുതി ഈടാക്കിയ ബില്ല് ഇല്ല

2003-ലെ കേരള മൂല്യവർദ്ധിത നികുതി നിയമപ്രകാരം താഴെ കൊടുത്ത നിർമ്മാണ സാധനങ്ങൾക്ക് 14.5 % നിരക്കിൽ മൂല്യവർദ്ധിത നികുതി ഈടാക്കേണ്ടതാണ്.

| ക്രമ നമ്പർ | ചരക്ക് | പട്ടിക | നികുതി നിരക്ക് |
|---|---|---|---|
| 2249 | STONE CRUSHED | V | 14.5 |
| 6244 | M SAND | V | 14.5 |

2015-16 സാമ്പത്തിക വർഷത്തിൽ ഗുണഭോക്തൃസമിതികൾ വഴി നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികൾക്കെല്ലാം മേൽ പട്ടികയിലെ ഇനങ്ങൾ ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ ശരിയായ ബില്ലിന് പകരം കൈപ്പറ്റ് രശീതുകളാണ് ഫയലിൽ ലഭ്യമാക്കിയിട്ടുള്ളത്. സ്റ്റോൺ ക്രഷറുകൾക്ക് വാറ്റ് രജിസ്ട്രേഷൻ ഉള്ളതിനാൽ നിർമ്മാണ സാധനങ്ങൽ വാങ്ങിക്കുമ്പോൾ മൂല്യവർദ്ധിതനികുതി രേഖപ്പെടുത്തിയ ഒറിജിനൽ ബില്ലുകൾ തന്നെ വാങ്ങിക്കേണ്ടതാണ്. ഒറിജിനൽ ബില്ലുകൾ വാങ്ങിക്കാത്ത സാഹചര്യത്തിൽ സർക്കാർ ഖജനാവിന് വൻ നികുതി ചോർച്ച ഉണ്ടാകുന്നു. ഇത്തരത്തിൽ സാധനങ്ങൾ വാങ്ങിച്ചതിന്റെ ഏതാനും ഉദാഹരണങ്ങൾ ചുവടെ പട്ടികയിൽ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര് | മണൽ/എം.സാൻഡ് | | ജില്ലി/കരിങ്കല്ല് | | | |
|---|---|---|---|---|---|---|---|
| | | അളവ് | തുക | 20 mm | | 40mm | |
| | | | | അളവ് | തുക | അളവ് | തുക |
| 1 | പുല്ലൂർകുന്നു റോഡ് കോൺക്രീറ്റ്<br>അടങ്കൽ-5,00,000/-<br>ചെലവ് 4,80,407/- | 15 load | 12000 | 8 load | 64000 | 12load | 72000 |
| 2 | 15 പാടി മേരി ലാൻഡ് റോഡ് കോൺക്രീറ്റ്<br>അടങ്കൽ-2,50,000/-, എം.ബുക്ക്നം.255/14-15<br>ചെലവ് 2,39,708/-<br>കൺവീനർ- ശ്രീ. രവി | 7 load | 77000 | 4 load | 36000 | 6 load | 48000 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 3 | വട്ടചോല ടാങ്ക് മട്ടം റോഡ് പ്രവൃത്തി<br>അടങ്കൽ-2,00,000/-, എം.ബുക്ക്നം.69/15-16<br>ചെലവ് 1,91,129/-<br>കൺവീനർ- ശ്രീ. ബാലൻ | | 40000 | 750 ft | 40000 | 600 ft | 32000 |

സർക്കാർ ഖജനാവിന് ലക്ഷകണക്കിന് രൂപയുടെ ധന നഷ്ടം ഉണ്ടാക്കുന്ന മേൽ കാര്യം തടയുന്നതിന് ഭരണസമിതി നടപടിയെടുക്കേണ്ടതാണ്.

## 3-13 സ്കൂളുകൾക്ക് ലൈബ്രറി പുസ്തകങ്ങൾ വാങ്ങൽ.. സ്കൂളുകൾക്ക് ലൈബ്രറി പുസ്തകങ്ങൾ ലഭിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | സ്കൂളുകൾക്ക് ലൈബ്രറി പുസ്തകങ്ങൾ വാങ്ങൽ 50/2016 |
| നിർവ്വഹണം | ഹെഡ് മാസ്റ്റർ, GLPS കല്ലിക്കെണി |
| അടങ്കൽ | 1,00,000/- രൂപ |
| ചെലവ് | 1,00,000/-രൂപ ബിൽനം 1/15-16/23.6.2015 |
| വിതരണക്കാരൻ | DC BOOKS കൽപ്പറ്റ |

ഗ്രാമപഞ്ചായത്തിനു കീഴിൽ വരുന്ന 5 എൽ.പി,യു.പി സ്കൂളുകൾക്ക് ലൈബ്രറി പുസ്തകങ്ങൾ വാങ്ങി നൽകുന്നതാണ് പ്രസ്തുത പദ്ധതി. GLPS കല്ലിക്കെണി, GLPS ചിത്രഗിരി, GLPS റിപ്പൺ, GUPS റിപ്പൺ, CMUPS നെടുങ്കരണ, CMHSS അരപ്പറ്റ എന്നീ സ്കൂളുകൾക്ക് പദ്ധതി പ്രകാരം പുസ്തകങ്ങൾ വാങ്ങി.

1,00,000/-രൂപ ബിൽനം 1/15-16/23.6.2015 പ്രകാരം ട്രഷറിയിൽ നിന്നും പിൻവലിച്ച് DC BOOKS കൽപ്പറ്റയുടെ അക്കൗണ്ടിലേക്ക് അടക്കുകയാണ് ചെയ്തത്. സ്കൂൾ അധികൃതർ അനുവദിക്കപ്പെട്ട നിശ്ചിത തുകക്കുള്ള പുസ്തകങ്ങൾ DC BOOKS ന്റെ കൽപ്പറ്റ ഷോറൂമിൽ പോയി തെരഞ്ഞെടുക്കുന്ന വിധത്തിലാണ് പദ്ധതി നടപ്പിലാക്കിയത്. GLPS കല്ലിക്കെണി, GLPS ചിത്രഗിരി, GLPS റിപ്പൺ, GUPS റിപ്പൺ, CMUPS നെടുങ്കരണ, CMHSS അരപ്പറ്റ എന്നീ സ്കൂളുകളുടെ അധികൃതർ അനുവദിക്കപ്പെട്ട തുകയ്ക്കുള്ള പുസ്തകങ്ങൾ DC BOOKS ന്റെ കൽപ്പറ്റ ഷോറൂമിൽനിന്നും നാളിതുവരെ കൈപ്പറ്റിയിട്ടില്ല. പദ്ധതി പൂർത്തികരിച്ചുവെന്ന് ഉറപ്പുവരുത്താൻ ഹെഡ്മാസ്റ്റർ നടപടി സ്വീകരിച്ചിട്ടില്ല. 1,00,000/- രൂപ ചെലവഴിച്ചത് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-14 സന്ദീപനം സമഗ്രവയോജനപദ്ധതി.- സർക്കാർ ഉത്തരവിന് വിരുദ്ധമായി പദ്ധതി നടപ്പാക്കി

| | |
|---|---|
| പ്രോജക്ട്നം | 103/15 |
| അടങ്കൽ | 3,00,000/- |
| ട്രഷറി ബിൽനം | 07/15-16 -300000/- തിയ്യതി-02/03/16 |
| നിർവഹണം | ഐ.സി.ഡി.എസ്.സൂപ്പർവൈസർ |

ഈ പദ്ധതി പ്രകാരം വയോജന ക്ലബ്ബുകൾക്ക് തൊഴിലിലൂടെ വരുമാനം ഉണ്ടാക്കുന്നതിന് 7,500/- രൂപ വീതം 40ക്ലബ്ബുകൾക്ക് നല്കുകയാണ് ചെയ്തിട്ടുള്ളത്. പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖ (സ.ഉ.(എം.എസ്)362/2013 /തസ്വ.ഭവ തിയ്യതി 16/11/2013) അനുബന്ധം 16 (ഖണ്ഡിക 7.5,7.6) എന്നിവ പ്രകാരം കുടുംബശ്രീ

അയൽക്കൂട്ടങ്ങൾ, എഡിഎസ്,സിഡിഎസ് സൊസൈറ്റികൾ, കർഷകസംഘങ്ങൾ, പാടശേഖര സമിതികൾ എന്നിവയ്ക്ക് മാത്രമാണ് റിവോൾവിംഗ് ഫണ്ടിന് അർഹതയുള്ളത്. റിവോൾവിംഗ് ഫണ്ട് നല്കിയ വയോജന ക്ലബ്ബുകളുടെ അംഗീകാരം, പ്രവർത്തനം, തിരഞ്ഞെടുത്തതിന്റെ മാനദണ്ഡം, ക്ലബ്ബുകളുടെ പാസ്സ്ബുക്ക് എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നമ്പർ 13/7/11/16 പ്രകാരം വിവരങ്ങൾ ആവശ്യപ്പെട്ടതിന് രേഖകൾ ഹാജരാക്കി എന്ന് മാത്രമാണ് മറുപടി നൽകിയത്. എന്നാൽ രേഖകൾ ഹാജരാക്കിയില്ല. 3,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-15 അങ്കണവാടി പോഷകാഹാരവിതരണത്തിൽ ക്രമക്കേട്

തൻവർഷം ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവഹണം നടത്തിയ അങ്കണവാടി പോഷകാഹാര വിതരണ പദ്ധതിയിൽ ഭക്ഷ്യസാധനങ്ങൾ വിതരണം നടത്തിയതിൽ അപാകങ്ങൾ വന്നിട്ടുണ്ട്

| | |
|---|---|
| പ്രോജക്റ്റ്നം | 101/15 |
| അടങ്കൽ | 1795004/- |
| ബിൽ നം. തീയതി | 01/15-16/453065/- 25/06/15 |
| | 02/15-16/535155/- 25/09/15 |
| | 03/15-16/ 64640/- 26/10/15 |
| | 04/15-16/344620/- 20/11/15 |

ഭക്ഷ്യവസ്തുക്കളുടെ വാങ്ങൽ,വിതരണം എന്നിവ സംബന്ധിച്ച് അഞ്ച് അങ്കണവാടികളിലെ സ്റ്റോക്ക് രജിസ്റ്ററുകളും, ഐ.സി.ഡി.എസ്. സൂപ്പർവൈസർ സൂക്ഷിച്ച സ്റ്റോക്ക് രജിസ്റ്ററും സാധനങ്ങൾ വാങ്ങിയ ബില്ലുകളും പരിശോധിച്ചതിൽ ഭക്ഷ്യസാധനങ്ങൾ വാങ്ങിയതും അംഗനവാടികൾ കൈപ്പറ്റിയതും തമ്മിൽ പൊരുത്തക്കേട് വന്നിട്ടുണ്ട്.

| ക്രമ നം. | ബിൽനം | ഇനം | ബിൽപ്രകാരം വാങ്ങിയ അളവ്(kg) | സ്റ്റോക്ക് രജിസ്റ്റർ പ്രകാരം വിതരണം നടത്തിയ അളവ് | വ്യത്യാസം |
|---|---|---|---|---|---|
| 1 | 113 തിയ്യതി 23/07/15, വാത്സല്യം ന്യൂട്രിമിക്സ് | അമൃതം ന്യൂട്രിമിക്സ് | 1782 | 1799 | +17 |
| 2 | 102 തിയ്യതി | ,, | 1933.875 | 1883.875 | -50 |
| 3 | 134 തിയ്യതി 20/10/15 | ,, | 2068.875 | 1896.875 | - 172 |
| 4 | 143 തിയ്യതി 22/11/15 | ,, | 2203.875 | 2062 | - 141.875 |
| 5 | 171 തിയ്യതി 16.03.16 | ,, | 2214 | 2223.8 | +9.8 |

ഈ വിഷയം സംബന്ധിച്ച് സമഗ്രഅന്വേഷണം നടത്തേണ്ടതും വിതരണം ചെയ്തതിൽ കുറവ് കാണുന്ന ഭക്ഷ്യവസ്തുക്കളുടെ വില തിരികെ ഈടാക്കേണ്ടതാണ്. മേൽബില്ലുകൾപ്രകാരം ചെലവഴിച്ച 13,97,480/- രൂപയുടെയും ചെക്ക് നമ്പർ 1819212/18.3.16 പ്രകാരം ചെലവഴിച്ച 2,65,897/- രൂപയുടെയും 1819205/25.1.16 പ്രകാരം ചെലവഴിച്ച 2,87,886/- രൂപയുടെയും ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-16 ഐ.സി.ഡി.എസ് സൂപ്പർവൈസർ ക്യാഷ് ബുക്ക് യഥാസമയം എഴുതുന്നില്ല,ബാങ്ക് അക്കൌണ്ടിൽ തുക സൂക്ഷിക്കുന്നു.

സെക്രട്ടറിയിൽ നിന്നും കേന്ദ്രാവിഷ്കൃതവിഹിതം ഇനത്തിൽ ലഭിച്ച ചെക്കുകൾ രേഖപ്പെടുത്തിയിട്ടില്ല. 28/03/16 ന് ശേഷം ക്യാഷ് ബുക്ക് എഴുതിയിട്ടില്ല. ആയതിനാൽ വരവും ചെലവും പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഐസിഡിഎസ് സൂപ്പർവൈസറുടെ കേരളഗ്രാമീൺ ബാങ്കിലെ 40231100107359 ാം നമ്പർ അക്കൗണ്ടിൽ 29/03/16 തിയ്യതിയിൽ 5,80,510/- രൂപ നീക്കിയിരപ്പ് ഉണ്ട്. ആയത് ഏതൊക്കെ തുകയെന്ന് വ്യക്തമാക്കിയിട്ടില്ല.

## 3-17 അഗതി - ആശ്രയ പദ്ധതി കാര്യക്ഷമമല്ല

അഗതി - ആശ്രയ പദ്ധതി കാര്യക്ഷമമല്ല.

ആശ്രയ മാർഗ്ഗരേഖ പ്രകാരം ഭക്ഷണം, വസ്ത്രം, മരുന്ന് തുടങ്ങിയ അത്യാവശ്യ സഹായങ്ങൾ ചലഞ്ച് ഫണ്ട് ഉപയോഗിച്ച് നിർവ്വഹിക്കേണ്ടതാണ്. വീടു വയ്ക്കാൻ സ്ഥലം, വീട്, വീട് റിപ്പയർ, കക്കൂസ്, കുടിവെള്ളം, കറന്റ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾക്കുള്ള ഫണ്ടാണ് സ്ഥാപനങ്ങൾ വഹിക്കേണ്ടി വരുന്നത്. ജനറൽ, SC, ST എന്നീ വിഭാഗങ്ങൾക്കായി മേൽ ആവശ്യങ്ങൾക്ക് വിഭാവനം ചെയ്യുന്ന പ്രൊജക്ടിലെ ആദ്യ ഗുണഭോക്താക്കളായി ആശ്രയ പദ്ധതിയിൽപ്പെട്ടവരെ ഉൾപ്പെട്ട ത്തിയാണ് ഇവരുടെ ആവശ്യങ്ങൾ നിറവേറ്റേണ്ടത്. ഇതുകൊണ്ട് തന്നെ പ്രൊജക്ട് ആരംഭിച്ച് ആദ്യ വർഷങ്ങളിൽ തന്നെ ഗുണഭോക്താക്കളുടെ അടിസ്ഥാന സൗകര്യാവശ്യങ്ങൾ നിറവേറ്റപ്പെടേണ്ടതായിരുന്നു. എന്നാൽ ആശ്രയ പദ്ധതിയിൽപ്പെട്ടവർക്ക് പ്രത്യേക പ്രൊജക്ടുകൾ വിഭാവനം ചെയ്ത് പരിമിതമായ ഫണ്ട് വകയിരുത്തുന്ന രീതിയാണ് പഞ്ചായത്തുകൾ സ്വീകരിച്ചുവരുന്നത്. ഇതുകൊണ്ടു തന്നെ പാവപ്പെട്ടവരിൽ പാവപ്പെട്ടവരായ മുമ്പ് തന്നെ അതിലും ഉയർന്ന ശേഷിയുള്ള മറ്റ് വിഭാഗങ്ങളിലുള്ളവർക്ക് ധനസഹായം ലഭ്യമാകുന്നുണ്ട്. ഇതിന്റെ ഫലമായി ആശ്രയ പദ്ധതിയിൽ പ്പെട്ടവരുടെ ആവശ്യങ്ങൾ വർഷങ്ങൾ കഴിഞ്ഞിട്ടും നിറവേറ്റപ്പെടാതെ വരുന്നു.

മുപ്പൈനാട് ഗ്രാമപഞ്ചായത്തിന്റെ നിലവിൽ ലഭ്യമായ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | 1st പ്രൊജക്ട് | റീ -വിസിറ്റ് പ്രൊജക്ട് | 2nd പ്രൊജക്ട് | 1st പ്രൊജക്ട് എസ്.റ്റി വിഭാഗം |
|---|---|---|---|---|
| പ്രൊജക്ടു പ്രകാരം ആകെ ഗുണഭോക്താക്കൾ* | 113 | 63 | 121 | 89 |
| പ്രൊജക്ടുപ്രകാരം വീടുവയ്ക്കാൻ സ്ഥലം ആവശ്യമുള്ളവർ | 58 | 05 | 14 | 10 |
| നാളിതുവരെ ലഭിച്ചവർ | 15 | കണക്ക് ലഭ്യമല്ല. | കണക്ക് ലഭ്യമല്ല. | കണക്ക് ലഭ്യമല്ല. |
| പ്രൊജക്ടുപ്രകാരം വീട് ആവശ്യമുള്ളവർ | 94 | 06 | 74 | 44 |
| നാളിതുവരെ ലഭിച്ചവർ | 29 | കണക്ക് ലഭ്യമല്ല. | എല്ലാവരും ഗ്രാമപഞ്ചായത്തിന്റെ സമ്പൂർണ്ണ ഭവന പദ്ധതിയിൽ | വിവരം ലഭ്യമല്ല. |

| | | | | |
|---|---|---|---|---|
| | | | ഉൾപ്പെടുത്തി കരാർ വെച്ചിട്ടുണ്ട്. | |
| വീട് റിപ്പയർ ആവശ്യമുള്ളവർ | 11 | 05 | 20 | 19 |
| നാളിതുവരെ ലഭിച്ചവർ | വിവരം ലഭ്യമല്ല. | വിവരം ലഭ്യമല്ല. | വിവരം ലഭ്യമല്ല. | വിവരം ലഭ്യമല്ല. |
| കക്കൂസ് ആവശ്യമുള്ളവർ | 107 | 11 | 11 | 29 |
| നാളിതുവരെ ലഭിച്ചവർ | വിവരം ലഭ്യമല്ല. | വിവരം ലഭ്യമല്ല. | വിവരം ലഭ്യമല്ല. | വിവരം ലഭ്യമല്ല. |
| കുടിവെള്ളം ആവശ്യമുള്ളവർ | അപേക്ഷകരില്ല | 25 | 47 | 26 |
| നാളിതുവരെ ലഭിച്ചവർ | കൃത്യമായ കണക്ക് ലഭ്യമല്ല | കൃത്യമായ കണക്ക് ലഭ്യമല്ല | കൃത്യമായ കണക്ക് ലഭ്യമല്ല | കൃത്യമായ കണക്ക് ലഭ്യമല്ല |
| കറന്റ് ആവശ്യമുള്ളവർ | അപേക്ഷകരില്ല | 11 | 42 | 38 |
| നാളിതുവരെ ലഭിച്ചവർ | കൃത്യമായ കണക്ക് ലഭ്യമല്ല | കൃത്യമായ കണക്ക് ലഭ്യമല്ല | കൃത്യമായ കണക്ക് ലഭ്യമല്ല | കൃത്യമായ കണക്ക് ലഭ്യമല്ല |
| വകയിരുത്തിയ ഫണ്ടുകൾ - ചലഞ്ച് ഫണ്ട് + പ്ലാൻ ഫണ്ട് | | | | |
| വരവ് | 10,00,000 | 3,80,420 | 5,50,000 | 29,42,525 |
| ചെലവ് | 9,90,000 | 61,727 | 5,82,088 | 9,84,667 |
| നിക്കിബാക്കി | 10,000 | 3,91,545 (ബാങ്ക് പലിശ ഉൾപ്പെടെ) | 18,536 | 19,57,858 |

ഗ്രാമപഞ്ചായത്ത് ചലഞ്ച് ഫണ്ട് ഉപയോഗിച്ച് അതിജീവനത്തിനുള്ള (ഭക്ഷണം, വസ്ത്രം) പ്രൊജക്ട് മാത്രമാണ് കുടുംബശ്രീ സി.ഡി.എസ് മുഖേന നടപ്പിലാക്കി വരുന്നത്. വീടു വയ്ക്കാൻ സ്ഥലം, വീട്, വീട് റിപ്പയർ, കക്കൂസ്, കുടിവെള്ളം, കറന്റ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ നാളിതുവരെ ലഭിച്ചതിന്റെ വിശദമായ വിവരങ്ങൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല.

വസ്ത്രം, ഭക്ഷണകിറ്റുകൾ എന്നിവ വാങ്ങിയതിന്റെ സ്റ്റോക്ക് വിതരണ വിവരങ്ങൾ കൃത്യമായും ചിട്ടയായും

എഴുതി സൂക്ഷിക്കേണ്ടതാണ്. ആശ്രയ ഗുണഭോക്താക്കളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് മുൻഗണന നൽകേണ്ടതും നിർബന്ധമായും ഫണ്ട് വകയിരുത്തി പ്രൊജക്ട് നടപ്പിലാക്കേണ്ടതുമാണ്.

## 3-18 പശ്ചിമഘട്ട പദ്ധതി ലഭ്യമായ 20,27,739/- രൂപ ചെലവഴിച്ചില്ല

2014-15 സാമ്പത്തിക വർഷത്തിൽ മുപ്പൈനാട് ഗ്രാമപഞ്ചായത്തിന് ജെൻഡർ പ്രൊജക്ട് നടപ്പിലാക്കുന്നതിനായി പശ്ചിമഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലാ കലക്ടറിൽ നിന്നും 18.7.2014 ലെ 0832172 നമ്പർ ചെക്ക് പ്രകാരം 24,72,000/- രൂപ 25.07.2014 ൽ ലഭിച്ചിരുന്നു. എന്നാൽ 2016-17 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ കല്ലികണി നടപ്പാത പദ്ധതി ചെലവ് - 2,50,000/- (ചെക്ക് നം.1819226) കടച്ചിക്കുന്ന് നടപ്പാത പദ്ധതി ചെലവ് 2,00,000/- (ചെക്ക് നം. 1819235) ശേഷം ജെൻഡർ പ്രൊജക്ട് നടപ്പിലാക്കാതെ നീക്കി ബാക്കിയുള്ള പശ്ചിമഘട്ട പദ്ധതിയ്ക്ക് ലഭ്യമായ 20,27,739/- രൂപ നിഷ്ക്രിയമായി പഞ്ചായത്ത് അക്കൗണ്ടിൽ നിലനിൽക്കുന്നു. ജെൻഡർ പ്രൊജക്ട് നടപ്പിലാക്കാത്തതിന് കാരണം വിശദീകരിക്കേണ്ടതും സർക്കാർ ഉത്തരവിന് വിധേയമായും സമയബന്ധിതമായും പദ്ധതി നടപ്പിലാക്കേണ്ടതുമാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

--ഇല്ല--

## 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

--ഇല്ല--

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

--ഇല്ല--

## 4-4. വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം എസ് ലോൺ | സ.ഉ(സ)നം956/2010 തസ്വഭവ തീയതി: 20.03.2010 | 3,11,61,000 | 77,87,310 | 21,26,028 | ഇല്ല | 56,61,282 |
| സമ്പൂർണ്ണ ഭവനപദ്ധതി | 3016/ഡി.ബി.1/14 തസ്വഭവ 19.2.14 | 3,70,72,000 | | 85,43,784 | 23,45,715 | 2,85,28,216 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| വർഷം | 2015-16 |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 11,50,106 |
| തൻവർഷം നിക്ഷേപിച്ച തുക | 10,80,317 |
| ആകെ | 22,30,423 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 22,30,423 |

വർഷാവസാനം അവശേഷിക്കുന്ന നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം രസീത് നമ്പർ | | തുക |
|---|---|---|
| ജില്ലാ കോപ്പറേറ്റീവ് ബാങ്ക് | 77160 | 5,24,436 |
| | 80697 | 10,00,000 |
| | 72134 | 3,96,023 |
| | 58995 | 2,82,427 |

## 4-6. ഓഡിറ്റ് റിക്കവറി

--ഇല്ല--

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-8. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 6,63,68,710/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 6,66,32,152/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 112,460/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 39,71,085/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും മേൽവിലാസവും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-3 | | 32,460 | മധുസൂദനൻ.സി.കെ സെക്രട്ടറി. ശിവഗിരി എസ്റ്റേറ്റ് കുന്നംമ്പറ്റ.ചുണ്ടേൽ |
| 3-9 | | 80,000 | ശ്രീ. സജിത .എ.എ വി.ഇ.ഒ. കാരക്കൊല്ലി ഹൗസ്.,കളത്തുവയൽ, അമ്പലവയൽ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 11,50,000/- | സെക്രട്ടറി |
| 3-4 | 3,69,822 | ഷാഹിദ് .ടി.പി, മെഡിക്കൽ ഓഫീസർ പി.എച്ച്.സി |
| 3-7 | 1,00,000 | ശ്രീ. കെ.രാമുണ്ണി.കോട്ടൂർ ഹൗസ്.നെന്മേനിക്കുന്ന്, ചീരാൽ കൃഷിഓഫീസർ |
| 3-13 | 1,00,000 | ശ്രീമതി. ടെംസി എ.എഫ്. മേലയിൽ ഹൗസ്.കൊളഗപ്പാറ. പി.ഒ.കൊളഗപ്പാറ 673591 ഹെഡ് മിസ്ട്രസ് |

| | | |
|---|---|---|
| 3-14 | 3,00,000 | ഭാഗ്യലക്ഷ്മി. വി.ബി.വാഴവറ്റക്കടിയിൽ. വാഴവറ്റ .പി.ഒ ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 3-15 | 2,65,897 | -ടി- |
| 3-15 | 16,85,366 | ബാവ എം.സി .നീലാംബരി. പൊഴുതന .പി.ഒ ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

-ഇല്ല-

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

-ഇല്ല-

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

-ഇല്ല-

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 2001-02 | എൽ.എഫ്.ഡബ്ല്യു.പി1-112/12തീയതി 09.03.2012 |
| 2002-03 | എൽ.എഫ്.ഡബ്ല്യു.പി1-111/12തീയതി 3.2.12 |
| 2003-04 | എൽ.എഫ്.ഡബ്ല്യു.പി1-1226/08തീയതി 4.2.2009 |
| 2004-05 | എൽ.എഫ്.ഡബ്ല്യു.പി1-1225/08തീയതി 4.2.2009 |
| 2005-06 | എൽ.എഫ്.ഡബ്ല്യു.പി1-867/11തീയതി 29.2.2011 |
| 2006-07 | എൽ.എഫ്.ഡബ്ല്യു.പി1-868/12തീയതി 12.07.2012 |
| 2007-08 | എൽ.എഫ്.ഡബ്ല്യു.പി1-947/08തീയതി 2.3.13 |
| 2008-09 | എൽ.എഫ്.ഡബ്ല്യു.പി1-893/10തീയതി 26.3.10 |

| | |
|---|---|
| 2009-10,2010-11 | എൽ.എഫ്.ഡബ്ല്യു.പി1-700/12തീയതി 18.7.12 |
| 2011-12 ,2012-13 | എൽ.എഫ്.ഡബ്ല്യു.പി1-85/14/തീയതി 24.4.14 |
| 2013-14 | എൽ.എഫ്.ഡബ്ല്യു.പി1-398/15/തീയതി 18.8.15 |
| 2014-15 | കെ.എസ്.എ.ഡബ്ല്യു.വൈ.ഡി.പി1-483/16 തീയതി 29.7.16 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്.

# 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.(ഡബ്ല്യൂ.വൈ.ഡി.)പി.3/697/16 തിയ്യതി : 25.11.2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്, കൽപ്പറ്റ.
പിൻ -673121
Phone- 04936 203672
Email- dowyd.ksad@kerala.gov.in

### സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് വകുപ്പ് നിയമത്തിന്റെ 4-ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും വയനാട് ജില്ലയിലെ മൂപ്പൈനാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റുമെൻറ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മൂപ്പൈനാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,വയനാട്.

AUDIT CERTIFICATE

No. KSA.(WYD) P.3/697/16 Dated. 25.11.2016.

Kerala State Audit Department
District Audit Office
Wayanad, Kalpetta
Phone: 04936-203672
Email- dowyd.ksad@kerala.gov.in

CERTIFICATE

Certified that I have audited the Annual Financial Statement of .Moopainadu GramaPanchayat in Wayanad District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the financial statements of Moopainadu Gramapanchayat for the year 2015-16, except the observations in My audit report, properly presents the picture of income and expenditure.

Deputy Director
Kerala Stat Audit Department,
District office, Wayanad.